

കേരള സർക്കാർ
ആരോഗ്യ വകുപ്പ്

# സേവനാർത്ഥം

## പൊതു ജനങ്ങൾക്കായി ആരോഗ്യ വകുപ്പ്

ഡയറക്ട്രേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്സ്, തിരുവനന്തപുരം

തയ്യാറാക്കിയത്,
**ജെസ്ന ജോൺ, ലിഡ ലാലു**
( പ്രൊജക്ട് ഇന്റേൺസ് )

അമൃതം ആരോഗ്യം

# സേവനാർത്ഥം

## പൊതുജനങ്ങൾക്കായി ആരോഗ്യ വകുപ്പ്

**ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്, തിരുവനന്തപുരം**


തയ്യാറാക്കിയത്

ജെസ്ന ജോൺ, ലിഡ ലാലു

പ്രൊജക്റ്റ് ഇൻറ്റേൺസ്

# ആമുഖം

ആരോഗ്യം എന്നാൽ രോഗം ഇല്ലാത്ത അവസ്ഥ അല്ല മറിച്ചു ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ്. ഈ ദൗത്യം മുന്നിൽ കണ്ടുകൊണ്ടു സംസ്ഥാന ആരോഗ്യവകുപ്പ് ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി അവർക്കു സ്വീകാര്യവും ഉന്നതനിലവാരമുള്ള ആരോഗ്യ പരിപാലന പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനായി സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. എന്നാൽ ഇത്തരം പദ്ധതികൾ വഴി സാധാരണക്കാർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളെക്കുറിച്ചു വേണ്ടത്ര അറിവില്ലാത്തതിനാൽ ഇത്തരം ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല.

ഒരു രോഗി സർക്കാർ ആശുപത്രിയിൽ വന്നാൽ ആ വ്യക്തിക്ക് ലഭ്യമായ സർക്കാർ പദ്ധതികൾ, ആനുകൂല്യങ്ങൾ, അത് നൽകുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയെപ്പറ്റി ഒരു വിവരണം നൽകാൻ ഉതകുന്നതാണ് ഈ ലഘുപുസ്തകം എന്ന് പ്രതീക്ഷിക്കുന്നു. ആരോഗ്യവകുപ്പും മറ്റു വകുപ്പുകളും സംയുക്തമായി നൽകുന്ന പദ്ധതികളെ പറ്റിയുള്ള വിവരങ്ങളും ഈ ലേഖനത്തിൽ അടങ്ങിയിരിക്കുന്നു. അതിനാൽ ഈ ലഘുപുസ്തകം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന് സംശയമില്ല.

# കടപ്പാട്

സർക്കാർ ആശുപത്രിയിൽ ചികിത്സ തേടി വരുന്ന ഒരു രോഗിക്ക് അർഹമായ ആനുകുല്യങ്ങൾ എന്തെന്ന് ഈ ഒരു ചെറു പുസ്തകത്തിലൂടെ അറിയിക്കുവാൻ സഹായിച്ച ആരോഗ്യ വകുപ്പ് ഡയറക്ടർ, എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും, മറ്റു ഉദ്യോഗസ്ഥർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു കൊള്ളുന്നു.

മാത്രമല്ല, ഈ ലഘുപുസ്തകം നല്ല രീതിയിൽ തയ്യാറാക്കുവാൻ സഹായിച്ച കേരള സാമൂഹ്യ നീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, സംസ്ഥാന ടിബി സെൽ, തിരുവനന്തപുരം ജനറൽ ആശുപത്രി, ആരോഗ്യ വകുപ്പ് പ്രസിദ്ധികരണമായ സുസ്ഥിതിക്കും, മറ്റെല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നന്ദി.

ഈ സംരഭത്തിന് ഞങ്ങളോടൊപ്പം നിന്ന Dr.ആന്റോ ജോണിനും, മറ്റു ഇന്റേൺസിനും, മാതാപിതാക്കൾക്കും, കുടുംബാംഗങ്ങൾക്കും, സർവ്വോപരി ദൈവത്തിനും നന്ദി അർപ്പിച്ചു കൊള്ളുന്നു.

പ്രൊജക്റ്റ് ഇൻറ്റേൺസ്

ജെസ്ന ജോൺ

ലിഡ ലാലു

# ഒറ്റനോട്ടത്തിൽ

## ആമുഖം

## കടപ്പാട്

## ആരോഗ്യവകുപ്പ് സംസ്ഥാനത്തു നടപ്പിലാക്കിവരുന്ന പദ്ധതികൾ

### I. കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി

- ജനനി ശിശുസുരക്ഷാ കാര്യക്രം (JSSK)
- ജനനി സുരക്ഷാ യോജന (JSY)
- ആരോഗ്യകിരണം പദ്ധതി
- രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (RBSK)
- ഡിസ്ട്രിക്ട് എർലി ഇന്റെർവെൻഷൻ സെന്റർ (DEIC)
- നവജാത ശിശു സ്ക്രീനിംഗ് പ്രോഗ്രാം
- സ്പെഷ്യൽ ന്യൂബോൺ കെയർ സ്റ്റെബിലൈസേഷൻ യൂണിറ്റ്
- പ്രതിവാര അയൺ ഫോളിക് ആസിഡ് പോഷണ പരിപാടി
- രാഷ്ട്രീയ കിഷോരി സ്വാസ്ഥ്യ കാര്യക്രം (RKSK) - കൗമാര ആരോഗ്യ ക്ലിനിക്കുകൾ
- പ്രധാനമന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ/ യോജന (PMSMA)

## II. മറ്റു ചികിത്സ പദ്ധതികൾ

- ജീവിതശൈലി രോഗങ്ങൾക്കുള്ള പദ്ധതി
  - അമൃതം ആരോഗ്യം,
  - ജീവിതശൈലി വിദ്യാഭ്യാസവും ബോധവൽക്കരണവും
- ഹൃദ്യം പദ്ധതി
- ജില്ലാ കാൻസർ പരിചരണ പരിപാടി (കാൻസർ രോഗികൾക്കുള്ള പദ്ധതി)
- സ്ട്രോക്ക് ക്ലിനിക് (പക്ഷാഘാത രോഗികൾക്കുള്ള പദ്ധതി)
- സി. ഓ. പി. ഡി ക്ലിനിക്കുകൾ - ശ്വാസ് (ഗുരുതരശ്വാസകോശ ചികിത്സയ്ക്കുള്ള പദ്ധതി)
- ക്ഷയരോഗത്തിനുള്ള ചികിത്സയും ധനസഹായവും
- മന്തുരോഗികൾക്കുള്ള ചികിത്സ പദ്ധതി
- കുഷ്ഠരോഗത്തിനുള്ള ചികിത്സയും ധനസഹായം
- HIV രോഗികൾക്കുള്ള ചികിത്സയും ധനസഹായം
- അന്ധത നിയന്ത്രണ പരിപാടി (NPCB & V.I)
  - തിമിര ശസ്ത്രക്രിയ
  - വിദ്യാലയ കാഴ്ച പരിശോധന പരിപാടി
  - നേത്രദാനം- നേത്രപടലം സംഭരിക്കൽ
  - നേത്രപടലം വച്ചുപിടിപ്പിക്കൽ
  - സൗജന്യ നേത്ര ചികിത്സ ക്യാമ്പുകൾ
  - റെറ്റിനോപ്പതി ഓഫ് പ്രിമെച്യൂരിറ്റി
  - ടെലി ഓഫ്തൽമിക് യൂണിറ്റ്

- നയനാമൃതം പദ്ധതി (NCD+NPCB)

- ദേശീയ കേൾവിക്കുറവ് പ്രതിരോധവും നിയന്ത്രണവും പദ്ധതി (NPPCD) (ശ്രവണ വൈകല്യമുള്ളവർക്കുള്ള ചികിത്സ സഹായം)
- വദനാരോഗ്യം (ദന്ത സംരക്ഷണത്തിനുള്ള പദ്ധതി)
- മാനസിക വെല്ലുവിളി നേരിടുന്നവർക്കു അർഹമായ ക്ഷേമപദ്ധതികൾ
  - സമഗ്ര മാനസികാരോഗ്യ പദ്ധതി
  - ജില്ലാ മാനസികാരോഗ്യ പരിപാടി

- വയോജന ആരോഗ്യ പരിപാടി (വൃദ്ധജന പരിപാലനത്തിനുള്ള പദ്ധതി)
- പാലിയേറ്റീവ് കെയർ
- ട്രോമാ കെയർ പദ്ധതി
- ഡയൽ എ ഡോക്ടർ പ്രോഗ്രാം
- ആംബുലൻസ് സൗകര്യം

## III. മറ്റു ധനസഹായ പദ്ധതികൾ

- സൊസൈറ്റി ഫോർ മെഡിക്കൽ അസ്സിസ്റ്റൻസ് റ്റു ദി പുവർ (SMAP)
- ഹെൽത്ത് മിനിസ്റ്റേഴ്സ് വെൽഫയർ ഫണ്ട്
- സുകൃതം പദ്ധതി
- CHIS PLUS
- ആവാസ് പദ്ധതി (ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള പദ്ധതി)

- വെൽഫെയർ സൊസൈറ്റി ഫോർ ദി ലോക്കോമോട്ടോർ ഡിസബിൾഡ് (ഭിന്നശേഷിയുള്ളവർക്കുള്ള പദ്ധതി)

# കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, സാമൂഹ്യ നീതി വകുപ്പ്, കേരള സംസ്ഥാന ഭാഗ്യകുറി വകുപ്പ്, ഭാരത സർക്കാർ എന്നീ വകുപ്പുകൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ

## I. കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി

- സംയോജിത ശിശു വികസന സേവന പദ്ധതി (ICDS)
- രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെൻറ് ഓഫ് അഡോളസെൻറ് ഗേൾസ് (RGSEAG)-SABLA
- ഇന്ദിരഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY)
- മിഠായി പദ്ധതി **(Type 1 Diabetes Mellitus)**

## II. മറ്റു ചികിത്സ പദ്ധതികൾ

- കാൻസർ സുരക്ഷാ പദ്ധതി
- താലോലം
- യാത്ര ആനുകൂല്യങ്ങൾ
- റീജിയണൽ കാൻസർ സെന്ററർ പദ്ധതി

- **ശ്രവണ വൈകല്യമുള്ളവർക്കുള്ള ചികിത്സ സഹായം**
    - **സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID)**
    - **ശ്രുതിതരംഗം- കോക്ലിയർ ഇംപ്ലാൻറ്റേഷൻ  പദ്ധതി**
    - **നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ് (NISH)**
    - **കാതോരം പദ്ധതി**
    - ADIP Scheme **(**Assistance to Disabled Person for Purchase**/** Fitting of Aid Appliances**)**

## III. മറ്റു ധനസഹായ പദ്ധതികൾ

- **രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY)**
- **രാഷ്ട്രീയ ആരോഗ്യ നിധി (ഹെൽത്ത് മിനിസ്റ്റേഴ്സ് കാൻസർ പേഷ്യന്റ് ഫണ്ട്)**
- **കാരുണ്യ ബെനവലന്റ് പദ്ധതി**
- **കാൻസർ പെൻഷൻ പദ്ധതി**
- **വൃക്ക, കരൾ, ഹീമോഫിലിയ രോഗികൾക്കുള്ള പദ്ധതി**
    - **സമാശ്വാസം പദ്ധതി I**
    - **സമാശ്വാസം പദ്ധതി II**
    - **സമാശ്വാസം പദ്ധതി III**
    - **സമാശ്വാസം പദ്ധതി IV**

- **ആശ്വാസകിരണം പദ്ധതി**

## IV. മറ്റു പദ്ധതികൾ

- **ഭിന്നശേഷിയുള്ളവർക്കുള്ള സർക്കാർ പദ്ധതികൾ**

  - വൈകല്യ നിർണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി
  - കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ
  - കാരുണ്യ ഡെപ്പോസിറ്റ് സ്കീം

- **മാനസിക വെല്ലുവിളി നേരിടുന്നവർക്കും അംഗപരിമിതർക്കും അർഹമായ ക്ഷേമപദ്ധതികളും അവകാശങ്ങളും**

  - അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡും റേഷൻ കാർഡ് പട്ടികയിൽ ഇളവും
  - ഭിന്നശേഷി ഉള്ളവർക്കുള്ള സംസ്ഥാന പെൻഷൻ
  - വിവാഹ ധനസഹായം
  - ഭിന്നശേഷിയുള്ള സ്ത്രീകൾക്ക് കുട്ടികളുടെ പരിപാലനത്തിനുള്ള പ്രത്യേക അലവൻസ്
  - സർക്കാർ ഉദ്യോഗസ്ത്ൻറെ പെൻഷൻ ഭിന്നശേഷിക്കാരനായ ആശ്രിതനു കൈമാറാം
  - ഇന്ദിരാ ഗാന്ധി ദേശിയ ഭിന്നശേഷി പെൻഷൻ പദ്ധതി
  - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
  - വിദ്യാർത്ഥിക്കും രക്ഷിതാവിനുമുള്ള സഹായങ്ങൾ

- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ സൗജന്യങ്ങൾ

➢ വ്യദ്ധജന പരിപാലനത്തിനുള്ള പദ്ധതികൾ

- വയോമിത്രം പദ്ധതി
- പകൽവീട്
- രാഷ്ട്രീയ വയോശ്രി യോജന
- വയോഅമൃതം പദ്ധതി
- മന്ദഹാസം പദ്ധതി

➢ പട്ടികവിഭാഗക്കാർക്കുള്ള സർക്കാരിന്റെ പദ്ധതികൾ

- പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി
- ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ (NRC)

## രോഗ പ്രതിരോധ ചികിത്സ പട്ടിക - കുട്ടികൾക്ക്

## ഉപയോഗപ്രദമായ വിലാസങ്ങൾ

## പിൻകുറിപ്പ്

# ആരോഗ്യവകുപ്പ് സംസ്ഥാനത്തു നടപ്പിലാക്കിവരുന്ന പദ്ധതികൾ

## I. കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി

- **ജനനി ശിശുസുരക്ഷാ കാര്യക്രം (JSSK) - ദേശീയ ആരോഗ്യ മിഷൻ**

അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായി രാജ്യത്തു ഏർപ്പെടുത്തിയ സൗജന്യ ചികിത്സ പദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി.

സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, പ്രസവത്തിനു മുൻപും (antenatal care) (9 മാസത്തിൽ 3 തവണ മാത്രം) അതിനു ശേഷവുമുള്ള സംരക്ഷണവും (postnatal care), 365 ദിവസം വരെയുള്ള നവജാത ശിശുക്കളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

**ഗർഭിണികൾക്കുള്ള അവകാശങ്ങൾ**

1. സൗജന്യ പ്രസവ ചികിത്സാ, സൗജന്യ സിസേറിയൻ
2. സൗജന്യ പരിശോധനകൾ, മരുന്നുകൾ
3. സൗജന്യ താമസവും ഭക്ഷണവും- സാധാരണ പ്രസവത്തിനു മൂന്ന് ദിവസം, സിസേറിയൻ ഏഴു ദിവസം (പേ-വാർഡ് ഉപയോഗിച്ചാൽ വാടക ഇതിൽപെടുന്നില്ല).
4. സൗജന്യ രക്തദാനം, പ്രസവത്തിനായി ആശുപത്രിയിലേക്കും, പ്രസവാനന്തരം വീട്ടിലേക്കും റെഫർ ചെയ്യുമ്പോഴും സൗജന്യ യാത്ര സൗകര്യം.
5. എല്ലാ ആശുപത്രികളിലും ചെലവുകളും (ഓ.പി ടിക്കറ്റ് ചാർജ് ഉൾപ്പെടെ) സൗജന്യം.
6. പ്രസവാനന്തരം 42 ദിവസം വരെ ചികിത്സ ചെലവ് സൗജന്യം.

**ജനിച്ചു 365 ദിവസം വരെ നവജാതശിശുക്കൾക്കുള്ള അവകാശങ്ങൾ**

ജനിച്ച കുട്ടിക്ക് 365 ദിവസം തുടർചികിത്സ സൗജന്യമായി നൽകുന്നു.

- **ജനനി സുരക്ഷാ യോജന (JSY) - ദേശീയ ആരോഗ്യ മിഷൻ**

ആശുപത്രിയിൽ നടക്കുന്ന പ്രസവങ്ങളെ പ്രോത്സാഹിപ്പിച്ചു മാതൃമരണവും ശിശുമരണവും കുറയ്ക്കാനുള്ള പദ്ധതിയാണ് ജനനി സുരക്ഷാ യോജന. 19 വയസിനു മുകളിലുള്ള BPL കുടുംബങ്ങളിലെ ഗർഭിണികളായ സ്ത്രീകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഇവരെ കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഗർഭിണികളായ എല്ലാ സ്ത്രീകൾക്കും BPL സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽപോലും ഈ സേവനം ലഭ്യമാണ്. സർക്കാർ ആശുപത്രികളിലും പ്രത്യേക അംഗീകാരം നൽകിയ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലെയും പ്രസവങ്ങൾക്കാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. സർക്കാർ ആശുപത്രികളിൽ സർക്കാർ ആശുപത്രി സൂപ്രണ്ടിൽ നിന്നോ ചാർജ് മെഡിക്കൽ ഓഫീസറിൽ നിന്നോ ചെക്ക് കൈപ്പറ്റണം. അംഗീകൃത സ്വകാര്യ ആശുപത്രി- വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി പട്ടികവർഗക്കാർക്കു) എന്നിവ ഹാജരാക്കി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ കോ-ഓർഡിനേറ്ററിൽ നിന്ന് ചെക്ക് കൈപ്പറ്റണം. നഗരങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്കു 600/- രൂപ വച്ചും, ഗ്രാമങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്കു 700/- രൂപ വച്ചും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. ഇതു കൂടാതെ സാമ്പത്തിക നില പരിഗണിക്കാതെ എല്ലാ പട്ടികജാതി വർഗ്ഗത്തിൽപെടുന്ന എല്ലാ അമ്മമാർക്കും 500/- രൂപ വീട്ടിൽ വച്ചുള്ള പ്രസവങ്ങൾക്കും നൽകുന്നു.

- **ആരോഗ്യകിരണം പദ്ധതി - ദേശീയ ആരോഗ്യ മിഷൻ**

18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പു വരുത്തുന്ന പദ്ധതിയാണ് ആരോഗ്യകിരണം. രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കുന്നതാണ്. BPL കുടുംബങ്ങൾക്കാണ് ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് പദ്ധതിക്കുള്ള തുക വകയിരുത്തുന്നത്. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും

സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തിരഞ്ഞെടുത്ത കടകളിൽ നിന്നും തികച്ചും സൗജന്യമായി ലഭിക്കുന്നതാണ്.

**N.B.** ആദായ നികുതിദായകർക്കും, സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.

- **രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (RBSK) - ദേശീയ ആരോഗ്യ മിഷൻ**

വിദ്യാലയ ആരോഗ്യപദ്ധതിയുടെ വിപുലീകരിച്ചു രൂപമാണ് രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (RBSK). 18 വയസ്സിനു താഴെയുള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന 30 ആരോഗ്യപ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും തുടക്കത്തിൽ തന്നെയുള്ള ചികിത്സയും പരിചരണവും നൽകുന്നതിനുള്ള നൂതനമായ പദ്ധതിയാണ് രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനന വൈകല്യങ്ങൾക്കു സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സ ഇതിന്റെ ഭാഗമാണ്. ആരോഗ്യപ്രശ്നത്തിന്റെ സ്വഭാവമനുസരിച്ചു പൊതുജനാരോഗ്യ കേന്ദ്രങ്ങളിലേക്കും, RCC, തിരഞ്ഞെടുത്ത സ്വകാര്യ ആശുപത്രികൾ, ജില്ലാതല ആശുപത്രികളിൽ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ഡിസ്ട്രിക്ട് എർലി ഇന്റെർവെൻഷൻ സെന്ററുകളിലേക്കും അസുഖത്തിന്റെ സ്ഥിതീകരണത്തിനും, തുടർ ചികിത്സയ്ക്കുമായി റെഫർ ചെയുന്നു. ഈ കേന്ദ്രങ്ങളിൽ നിന്നും ആവശ്യമെങ്കിൽ വിദഗ്ദ്ധ ചികിത്സാകേന്ദ്രങ്ങളിലേക്കും റെഫർ ചെയുന്നു.

താഴെ പറയുന്ന 30 ഓളം ആരോഗ്യ പ്രശ്നങ്ങൾക്കാണ് ഈ പദ്ധതിയിലൂടെ സഹായം ലഭിക്കുന്നത്

**ജനനവൈകല്യങ്ങൾ (Defects at birth)**

- ന്യൂറൽ ട്യൂബ് ഡിഫെക്ട്
- ഡൌൺസിൻഡ്രോം
- മുറിച്ചുണ്ട് (Cleft lip)

- അണ്ണാക്കിലെ വിടവുകൾ
- കാൽപാദ വൈകല്യങ്ങൾ
- അരകെട്ടിനുണ്ടാകുന്ന വികാസവൈകല്യം
- ജന്മനാലുള്ള തിമിരം (Congenital Cataract)
- ജന്മനാലുള്ള കേൾവിക്കുറവ് (Congenital Deafness)
- ജന്മനാലുള്ള ഹൃദ്രോഗം (Congenital Heart Disease)
- മാസം തികയാതെ പ്രസവിക്കുന്നതുകൊണ്ടു കണ്ണിലെ റെറ്റിനയ്ക്കു ഉണ്ടാകുന്ന തകരാറുകൾ

**ന്യൂനതകൾ (Deficiencies)**

- വിളർച്ചയും ഗുരുതരമായ അനീമിയയും
- വിറ്റാമിൻ Aയുടെ കുറവ് (Bitot Spot)
- വിറ്റാമിൻ Dയുടെ കുറവ് (Rickets)
- ഗുരുതരമായ പോഷകാഹാരക്കുറവ്
- തൊണ്ടവീക്കം (Goiter)

**ശൈശവ രോഗങ്ങൾ**

- ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)
- ചെവിക്കുള്ളിലെ അണുബാധ (Otitis Media)
- റുമാറ്റിക് ഹൃദ്രോഗം (Rheumatic Heart Disease)
- പല്ലിലെ പോഡ് (Dental caries)
- ജെന്നി രോഗങ്ങൾ (Convulsive Disorders)

**വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും**

- കാഴ്ച കുറവ്
- കേൾവി കുറവ്
- Neuro- motor Impairment
- Motor Delay
- ബുദ്ധിപരമായ വികാസത്തിനുള്ള കാലതാമസം

- ഭാഷാപരമായ വികാസത്തിനുള്ള കാലതാമസം
- ഓട്ടിസം
- പഠന വൈകല്യം
- എ.ഡി.എച്ച്ഡി (Attention Deficit Hyperactive Disorder)
- Congenital Hypothyroidism, Sickle Cell Anemia, Beta Thalassemia

സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും, മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര ഉൾപ്പെടെയുള്ള ആശുപത്രികൾ വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സ സേവനങ്ങൾ തികച്ചും സൗജന്യമാക്കി. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനിതക രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്.

നവജാത ശിശുക്കളെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും അനുബന്ധ ആരോഗ്യപ്രവർത്തകരും, 6 ആഴ്ച വരെ പ്രായമായ കുഞ്ഞുങ്ങളെ വീടുകളിൽ സന്ദർശനം നടത്തുന്ന JPHN/JHI മുതലായവരും, 6 ആഴ്ച മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ അംഗൻവാടിയിൽ വച്ചും, സ്കൂളിൽ വച്ചും, സ്കൂൾ ഹെൽത്ത് നഴ്സുമാരും പരിശോധിക്കുന്നു. ആരോഗ്യപ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലേക്കും, ആവശ്യമെങ്കിൽ അവിടെ നിന്നും വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേക്കും റെഫർ ചെയുന്നു.

- **ഡിസ്ട്രിക്ട് ഏർലി ഇന്ററെർവെൻഷൻ സെന്റർ (DEIC) - ദേശീയ ആരോഗ്യ മിഷൻ**

കുട്ടികളുടെ വളർച്ചയും വികാസവുമായി സംബന്ധിക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും വൈകല്യങ്ങളെയും കാലേക്കൂട്ടി തിരിച്ചറിയാനും, ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നൂതന സംവിധാനമാണ് ഡിസ്ട്രിക്ട് ഏർലി ഇന്ററെർവെൻഷൻ സെന്റർ.

ഭിന്നശേഷിയുള്ള കുട്ടികളെ വളരെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തുകയും അവരുടെ തുടർചികിത്സയും പരിശീലനവുമാണ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ലക്ഷ്യം. 18 വയസ്സുവരെയുള്ള കുട്ടികൾക്ക് DEIC-ൽ ചികിത്സ തേടാനാകുമെങ്കിലും ആറു വയസ്സുവരെയുള്ള കുട്ടികൾക്കാണ് പ്രാധാന്യം നൽകുന്നത്.

ദേശീയ ആരോഗ്യ മിഷന്റെ (National Health Mission) ഭാഗമായുള്ള രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (Rashtriya Bal Swasthya Karyakram) പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ ജനനവൈകല്യങ്ങൾ (Defects at birth), ന്യൂനതകൾ (Deficiencies), ബാല്യകാല അസുഖങ്ങൾ (Childhood disorders), വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and disabilities) എന്നീ വിഭാഗങ്ങളിലായുള്ള 30 അവസ്ഥകളിൽ നിന്നും ജനനവൈകല്യങ്ങൾ (Defects at birth), വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and disabilities) എന്നിവയിൽ ഉൾപ്പെടുന്ന നിരവധി പ്രശ്നങ്ങൾക്കുള്ള പരിഹാരവും തുടർചികിത്സയുമാണ് DEIC-ൽ നൽകിവരുന്നത്.

സ്പെഷ്യലിസ്റ്റുകളായ ശിശുരോഗ വിദഗ്ദ്ധൻ, ദന്തൽ സർജൻ, ഫിസിയോതെറാപിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളോജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഒപ്റ്റോമെട്രിസ്റ്റ്, ദന്തൽ ഹൈജീനിസ്റ്റ്, തുടങ്ങി ഓരോ DEICയിലും വിദഗ്ദ്ധരായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഹോസ്പിറ്റലിൽ നിന്നും റെഫർ ചെയ്ത കുഞ്ഞുങ്ങൾക്ക് DEICയിൽ നിന്നും വേണ്ട ചികിത്സ നൽകി പരിചരിക്കുന്നു. ഈ കുഞ്ഞുങ്ങളെ തുടർ നിരീക്ഷണത്തിന് വിധേയമാക്കുന്നു. ആവശ്യമെങ്കിൽ സ്പെഷ്യലിറ്റി ഹെൽത്ത് സെന്ററിലേക്ക് റെഫർ ചെയ്യുന്നു.

- **നവജാത ശിശു സ്ക്രീനിംഗ് പ്രോഗ്രാം - സംസ്ഥാന ആരോഗ്യ വകുപ്പ്**

നവജാതശിശുക്കളിൽ ജന്മനാൽ വരാൻ സാധ്യതയുള്ള നാലു മെറ്റബോളിക് അഥവാ ജനിതക രോഗങ്ങൾ പ്രാരംഭ ദിശയിൽ തന്നെ കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനുമായി ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്ന നൂതന പദ്ധതി.

Hypothyroidism, Phenylketonuria, G6PD Deficiency, Hyperaldosteronism എന്നീ നാലു ജനിതകരോഗങ്ങൾ മൂലം ഉണ്ടാകാൻ സാധ്യതയുള്ള ബുദ്ധിമാന്ദ്യം, ഓട്ടിസം, അപസ്മാരം എന്നീ രോഗാവസ്ഥയിൽ നിന്നും അതിലൂടെയുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ നിന്നും കുട്ടികളെ രക്ഷിക്കുന്നതിനും കഴിയും എന്നതിനാൽ ഈ പദ്ധതിക്ക് വളരെയേറെ പ്രാധാന്യം ഉണ്ട്. നൂതനവും അനുകരിക്കാവുന്നതുമായ പ്രോഗ്രാമുകളിൽ ദേശീയ അംഗീകാരം ഈ പദ്ധതിക്ക് ലഭിച്ചു.

തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലുമാണ് പരിശോധന സംവിധാനം നിലവിലുള്ളത്.

- **സ്പെഷ്യൽ ന്യൂബോൺ കെയർ സ്റ്റെബിലൈസേഷൻ യൂണിറ്റ്**

ഗർഭാവസ്ഥയിലുണ്ടാകുന്ന കുഞ്ഞുങ്ങളുടെ മരണങ്ങൾ ആകെയുള്ള ശിശുമരണങ്ങളിൽ 2/3ഓളം കാണുന്നു. ഈ അവസ്ഥ കൈകാര്യം ചെയ്യുന്നതിന് ന്യൂബോൺ കെയർ സർവീസ് മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രസവം നടക്കുന്ന ആശുപത്രികളിൽ അസുഖമുള്ള നവജാതശിശുക്കൾക്കായി സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റുകൾ, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ അതുപോലെ തന്നെ ന്യൂബോൺ ബേബി കെയർ യൂണിറ്റുകൾ എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

- **പ്രതിവാര അയൺ ഫോളിക് ആസിഡ് പോഷണ പരിപാടി**

**-ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, സംസ്ഥാന ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ്**

കൗമാരപ്രായത്തിലെ വിളർച്ച അഥവാ അനീമിയ തടയുന്നതിന് ഭാരത സർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയവും, സംസ്ഥാന ആരോഗ്യവകുപ്പും, വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പുകളുടെയും

സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതി. പദ്ധതിയുടെ ഭാഗമായി ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികൾക്കും (സർക്കാർ- എയ്ഡഡ്- അൺ എയ്ഡഡ്) സ്കൂളിലെ കുട്ടികൾക്കും അംഗൻവാടികളിൽ എത്തുന്ന 10 മുതൽ 19 വയസ്സ് വരെയുള്ള പെൺകുട്ടികൾക്കും ആഴ്ചയിൽ ഒരു നിശ്ചിത ദിവസം അയൺ ഫോളിക് ആസിഡ് ഗുളികകൾ നൽകുന്നു. ഇത് വഴി കൗമാര പ്രായക്കാരിലെ അനീമിയ തടയുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

- **രാഷ്ട്രീയ കിഷോരി സ്വാസ്ഥ്യ കാര്യക്രം (RKSK) - കൗമാര ആരോഗ്യ ക്ലിനിക്കുകൾ**

കൗമാരപ്രായക്കാരായ കുട്ടികളിലെ ശാരീരികവും, മാനസികവും, ലൈംഗികവുമായ പ്രശ്നങ്ങൾ ചികിൽസിക്കുന്നതിനും, പരിഹരിക്കുന്നതിനും ആരോഗ്യവകുപ്പും, ദേശീയ ആരോഗ്യമിഷനും സംയുക്തമായി നടപ്പിലാക്കുന്ന ചികിത്സ പദ്ധതിയാണ് കൗമാര സൗഹൃദ ആരോഗ്യ ക്ലിനിക്കുകൾ. ജനറൽ ആശുപത്രികൾ, ജില്ലാ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലായി 24 ആശുപത്രികളിൽ ഇത്തരം ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. കൗൺസിലിങ്, ചികിത്സ എന്നിവ ഇത്തരം ക്ലിനിക്കുകൾ വഴി ലഭ്യമാക്കി വരുന്നു.

- **പ്രധാനമന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ/ യോജന (PMSMA)**

പാവപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് (3 മുതൽ 6 മാസം വരെ) ആരോഗ്യസംരക്ഷണം ഉറപ്പുനൽകുന്ന നൽകുന്ന കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയാണ് പ്രധാനമന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ/ യോജന. ഈ പദ്ധതിപ്രകാരം ഗർഭിണികളായ സ്ത്രീകൾക്ക് എല്ലാ മാസവും 9-നു സൗജന്യ പരിശോധനയും ചികിത്സയും നൽകിവരുന്നു. എല്ലാ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന പാവപ്പെട്ട ഗർഭിണികളായ സ്ത്രീകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രസവത്തിനു മുൻപുള്ള പരിശോധനയോടൊപ്പം അൾട്രാസൗണ്ട്, രക്തം, മൂത്ര പരിശോധനയും നടത്തുന്നു.

## II. മറ്റു ചികിത്സ പദ്ധതികൾ

- **അമൃതം ആരോഗ്യം (ജീവിതശൈലി രോഗങ്ങൾക്കുള്ള പദ്ധതി)**

**-സംസ്ഥാന ആരോഗ്യവകുപ്പ്**

വർധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അമൃതം ആരോഗ്യം പദ്ധതി. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 230 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5000-ൽ അധികം വരുന്ന സബ് സെന്ററുകളിലും ജീവിതശൈലിരോഗ ചികിത്സ ക്ലിനിക്കുകൾ ആരംഭിച്ചു. ആഴ്ചയിൽ ഒരു നിശ്ചിത ദിവസം ഇത്തരം ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

വിദഗ്ദ്ധചികിത്സ ഔഷധങ്ങൾ, പരിശോധനകൾ, എന്നിവ ഇത്തരം ക്ലിനിക്കുകൾ വഴി സൗജന്യമായി ലഭ്യമാക്കി വരുന്നു. ഈ പദ്ധതി മൂന്ന് ഘട്ടങ്ങളായാണ് ആരോഗ്യവകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടം രോഗപ്രതിരോധത്തിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. അതിനായി ആരോഗ്യപ്രവർത്തകർക്കു പ്രത്യേക പരിശീലനം നൽകി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടം നേരത്തെയുള്ള രോഗനിർണയമാണ്. മൂന്നാം ഘട്ടത്തിൽ കൂടുതൽ പ്രാധാന്യം നൽകുന്നത് പ്രമേഹം, രക്താതിമർദം, എന്നിവ ഗുരുതരാവസ്ഥയിലേക്ക് പോകാതെ ചെറുക്കുക എന്നതാണ്. കൂടാതെ NPCDCS (National Programme for Prevention and Control of Cancer, Diabetes, Cardiovascular Diseases and Stroke) ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും എല്ലാ ദിവസവും ജീവിതശൈലി രോഗ ചികിത്സ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. തീരദേശ മേഖലയിലും ചെന്നെത്താൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും സഞ്ചരിക്കുന്ന ജീവിതശൈലി രോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

- **ജീവിതശൈലി വിദ്യാഭ്യാസവും ബോധവൽക്കരണവും**

ജീവിതശൈലി രോഗങ്ങൾക്കുള്ള കാരണം ശൈശവം മുതൽ സ്വീകരിച്ചുവരുന്ന ഭക്ഷണശൈലിയും അനാരോഗ്യകരമായ ശീലങ്ങളുമാണ്. കുട്ടികളായിരിക്കുമ്പോൾ

തന്നെ ഇതു സംബന്ധിച്ചുള്ള ബോധവൽക്കരണം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നാഷണൽ ഹെൽത്ത് മിഷൻ, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഓഫീസർമാർ, ഡയറ്റീഷ്യൻമാർ, മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ സ്കൂളുകളിൽ തുടർച്ചയായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ആരോഗ്യകരമായ ഭക്ഷണം, വ്യായാമത്തിന്റെ അനിവാര്യത, ദുശ്ശീലങ്ങളിൽ നിന്നുള്ള മോചനം എന്നിവയ്ക്ക് ഊന്നൽ നൽകുകയും യോഗ ഉൾപ്പെടെയുള്ള എറോബിക് വ്യായാമങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

- **ഹൃദ്യം പദ്ധതി - സംസ്ഥാന ആരോഗ്യവകുപ്പ്**

ജന്മനാൽ ഹൃദ്രോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്ന കേരള സർക്കാരിന്റെ പുതിയ പദ്ധതിയാണ് ഹൃദ്യം. ഹൃദ്യം പദ്ധതി വഴി ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയയും തുടർചികിത്സയും ചെയുന്നു. അടിയന്തിര ശസ്ത്രക്രിയ ആവശ്യമെങ്കിൽ കുട്ടിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് സർജറി കെയർ നൽകുന്നതാണ്. സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കുള്ള ധനസഹായം സർക്കാർ വഹിക്കുന്നതാണ്.

**ചികിത്സ ലഭ്യമായ ആശുപത്രികൾ**

- ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം
- ലിസ്സി ഹോസ്പിറ്റൽ, ആസ്റ്റർ മെഡിസിറ്റി, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊച്ചി
- ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
- ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, തിരുവല്ല

- **ജില്ലാ കാൻസർ പരിചരണ പരിപാടി (കാൻസർ രോഗികൾക്കുള്ള പദ്ധതി)**

**-സംസ്ഥാന ആരോഗ്യവകുപ്പ്**

കാൻസർ രോഗികൾക്ക് സാമ്പത്തികവും മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന അവസ്ഥ പരിഹരിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ നൂതന പദ്ധതിയാണ് ജില്ലാ കാൻസർ പരിചരണ പരിപാടി. ഈ പദ്ധതി പ്രകാരം കാൻസർ ചികിത്സ സംവിധാനങ്ങൾ ഇല്ലാതെയുള്ള ജില്ലകളിലെ പ്രധാന ആശുപത്രിയിൽ ചികിത്സ സംവിധാനം ഒരുക്കുന്നു. RCC, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നുള്ള നിർദേശപ്രകാരം കീമോതെറാപ്പി ഉൾപ്പെടെയുള്ള തുടർചികിത്സ നടത്തുക, രോഗനിർണ്ണയം നടത്തുക, റെഫർ ചെയ്യുക എന്നിവയാണ് ഇത്തരം കേന്ദ്രങ്ങൾ വഴി ചെയ്തു വരുന്നത്.

സംസ്ഥാനത്തു കൊല്ലം, പുനലൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കോട്ടയം, തൃശൂർ, പാലാ, വടകര, തിരൂർ, കണ്ണൂർ എന്നീ ജില്ലാ ആശുപത്രികൾ, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കാസർകോട് എന്നീ ജനറൽ ആശുപത്രികൾ, വയനാട് ജില്ലയിലെ നല്ലൂർനാട് ട്രൈബൽ ആശുപത്രി, മാവേലിക്കര, തൊടുപുഴ ജില്ലാ ആശുപത്രികൾ, കൂടാതെ തിരുവനന്തപുരം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ എല്ലാ ദിവസവും ഈ പദ്ധതി വഴിയുള്ള സേവനം ലഭിക്കുന്നു.

- **സ്ട്രോക്ക് ക്ലിനിക് (പക്ഷാഘാത രോഗികൾക്കുള്ള പദ്ധതി)**

**-ആരോഗ്യവകുപ്പ്, ദേശീയ ആരോഗ്യപദ്ധതി**

പക്ഷാഘാതം സംഭവിക്കുന്ന രോഗികൾക്ക് അരമണിക്കൂറിനകം തന്നെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആരോഗ്യവകുപ്പും, ദേശീയ ആരോഗ്യപദ്ധതിയും, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരവുമായി സഹകരിച്ചാണ് 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന ചികിത്സ രീതിയ്ക്ക് തുടക്കം കുറിച്ചിട്ടുള്ളത്.

പക്ഷാഘാത രോഗിയെ ടെലിസ്ട്രോക്ക് യൂണിറ്റിൽ പ്രവേശിപ്പിച്ചാൽ ഉടൻ തന്നെ സി.റ്റി സ്കാൻ എടുക്കുകയും റിപ്പോർട്ട് അമൃത ഇൻസ്റ്റിറ്റ്യൂട്ട് വഴിയോ ടെലി റേഡിയോളജി വഴിയോ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലി ന്യൂറോളജി യൂണിറ്റിലേക്ക് അയച്ചുകൊടുക്കുകയും അവിടുത്തെ ന്യൂറോളജിസ്റ്റിന്റെ ഉപദേശപ്രകാരം 20 മുതൽ 30 മിനിട്ടുകൾക്കകം തന്നെ വിദഗ്ദ്ധ ചികിത്സ രോഗികൾക്ക് ലഭ്യമാക്കുകയാണ് ചികിത്സ രീതി.

- **സി. ഓ. പി. ഡി ക്ലിനിക്കുകൾ - ശ്വാസ് (ഗുരുതരശ്വാസകോശ ചികിത്സയ്ക്കുള്ള പദ്ധതി) -സംസ്ഥാന ആരോഗ്യവകുപ്പ്**

ഗുരുതര ശ്വാസകോശ രോഗങ്ങൾ കണ്ടെത്തുക, ചികിൽസിക്കുക, സൗജന്യമായി മരുന്നുകൾ നൽകുക എന്നിവയും, ഗുരുതരമായ രോഗമുള്ളവർക്ക് പുനരധിവാസ ചികിത്സ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നത്. 14 ജില്ലാ ആശുപത്രികളിലും, 170 FHC (Family Health Centre) വഴിയും പദ്ധതി നടപ്പിലാക്കിവരുന്നു.

- **ക്ഷയരോഗത്തിനുള്ള ചികിത്സയും ധനസഹായവും**

- ക്ഷയ രോഗികൾക്കുള്ള പരിശോധനകളും (Universal Drug Susceptibility Testing), ചികിത്സയും, മരുന്നുകളും എല്ലാം കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സൗജന്യമായി നൽകി വരുന്നു.
- നിർധനരായ ക്ഷയരോഗികൾക്ക് പോഷകാഹാരത്തിനുള്ള ധനസഹായം സർക്കാർ നൽകിവരുന്നു (LSGD വഴി).
- 14 ജില്ലകളിലും ഡ്രഗ് റെസിസ്റ്റൻസ് ടി.ബി (Rifambicin Resistance) വളരെ കുറഞ്ഞ (2 മണിക്കൂർ) സമയത്തിനുള്ളിൽ കണ്ടുപിടിക്കുന്നതിനു വേണ്ടി നൂതന സാങ്കേതിക വിദ്യ കണ്ടുപിടിച്ചിട്ടുണ്ട് -CB NAAT ടെസ്റ്റ് (Cartridge Based Nucleic Acid Amplification Test).

- എല്ലാ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിലും തിരഞ്ഞെടുത്ത പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലും ക്ഷയരോഗത്തിനുള്ള ചികിത്സകളും, മരുന്നുകളും എല്ലാം സൗജന്യമായി നൽകിവരുന്നു.
- ജില്ലാ ടി ബി ഓഫീസ് TB സെന്ററിൽ നിന്ന് ശുപാർശ ചെയ്യുന്ന രോഗികൾക്ക് ധനസഹായം ലഭിക്കുന്നു.
  ലഭിക്കുന്ന ആനുകൂല്യം- 5000/- രൂപ
- റവന്യു ഡിപ്പാർട്മെന്റിന്റെ സഹായത്തോടെ ക്ഷയരോഗികൾക്ക് പെൻഷൻ നൽകിവരുന്നു.

**ആവശ്യമുള്ള രേഖകൾ**

- വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്
- ആനുകൂല്യം - പ്രതിമാസം 1000/- രൂപ നൽകിവരുന്നു.

➢ **മന്തുരോഗികൾക്കുള്ള ചികിത്സ പദ്ധതി**

മന്തുരോഗം ബാധിച്ച വ്യക്തികൾക്ക് തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ ഒരിക്കൽ മോർബിഡിറ്റി മാനേജ്മെൻറ് ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ക്യാമ്പ് നടത്തി ഹൈഡ്രോസിൽ സർജറി ആവശ്യമായവർക്ക് സൗജന്യമായി ശസ്ത്രക്രിയ ചെയ്തു കൊടുക്കുന്നു. മോർബിഡിറ്റി മാനേജ്മെൻറ് ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ രോഗികൾക്കും മോർബിഡിറ്റി മാനേജ്മെൻറ് കിറ്റ് സൗജന്യമായി നൽകിവരുന്നു.

➢ **കുഷ്ഠരോഗത്തിനുള്ള ചികിത്സയും ധനസഹായം**

- കുഷ്ഠരോഗികൾക്കുള്ള എല്ലാ മരുന്നുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളും വഴി സൗജന്യമായി നൽകുന്നു.

- കുഷ്ഠരോഗത്തിനു ചികിത്സയെടുക്കുന്ന രോഗികൾക്ക് ചികിത്സാകാലയളവിൽ (മൾട്ടിബാസിലറിയ്ക്കു 12 മാസവും പോസിബാസിലറിയ്ക്കു 6 മാസവും) പ്രതിമാസം 1000/- രൂപ വീതം സാമ്പത്തികസഹായം നൽകുന്നു.
- ·കുഷ്ഠരോഗം മൂലം കൈകാലുകളിൽ മരവിപ്പ് ബാധിച്ച/ സ്പർശന ശേഷി നഷ്ടപ്പെട്ട വ്യക്തികൾക്ക് വ്രണങ്ങളും വൈകല്യങ്ങളും ഉണ്ടാകുന്നത് തടയാൻ സെൽഫ് കെയർ കിറ്റുകൾ സൗജന്യമായി നൽകുന്നതിന് പുറമെ കാലിലാണ് മരവിപ്പ്/ സ്പർശനശേഷി കുറവെങ്കിൽ പ്രതിവർഷം 2 ജോഡി MCR ചെരിപ്പുകൾ സൗജന്യമായി നൽകുന്നു.
- ·കുഷ്ഠരോഗം മൂലം അംഗവൈകല്യം സംഭവിച്ച രോഗികളുടെ വൈകല്യം പരിഹരിക്കാൻ reconstructive surgery തികച്ചും സൗജന്യമായി നടത്തുന്നതിനോടൊപ്പം surgery-യ്ക്കുശേഷം 8000/- രൂപ സാമ്പത്തിക സഹായവും നൽകുന്നു.

➢ **HIV രോഗികൾക്കുള്ള ചികിത്സയും ധനസഹായം**

- തദ്ദേശ സ്വയം ഭരണ സ്ഥാപനം വഴി നടപ്പിലാക്കുന്ന പോഷകാഹാരപദ്ധതി പ്രകാരം HIV രോഗബാധിതരായ കുടുംബങ്ങൾക്ക് സൗജന്യമായി കിറ്റുകൾ വിതരണം ചെയ്യുന്നതാണ് (ജില്ലാ പഞ്ചായത്ത്).
- ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ഡിപ്പാർട്മെൻറ് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സഹായത്തോടെ ART സെന്ററുകൾ വഴി പ്രതിമാസം 1000/- രൂപ ധനസഹായം നൽകിവരുന്നു.
- കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം സ്കോളർഷിപ് പദ്ധതിയിൽ അനാഥരും അതുപോലെ മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട (HIV ബാധിതരായ) കുട്ടികൾക്കും സ്കോളർഷിപ് നൽകിവരുന്നു (0- 21years).
- രോഗബാധിതരായ, രോഗബാധിതരായ മാതാപിതാക്കളുടെ കുട്ടികൾക്ക് (13 മുതൽ 18 വയസ്സ് വരെ) ശാരീരികവും, മാനസികവും, സാമൂഹികവുമായ ഉന്നമനത്തിനുവേണ്ടി നൈപുണ്യ വികസന വിദ്യാഭ്യാസം നൽകിവരുന്നു.

- എല്ലാ HIV ബാധിതരായ കുടുംബങ്ങളെയും BPL വിഭാഗത്തിൽപെടുത്താൻ നിശ്ചയിച്ചുകൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് കേരള സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്.
- HIV ബാധിതരായ എല്ലാ സ്ത്രീകൾക്കും സൗജന്യമായി പാപ്സ്മിയർ പരിശോധന എല്ലാ ഗവണ്മെന്റ് ആശുപത്രികളിലും ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നു.
- കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 600 HIV ബാധിതരായ മാതാപിതാക്കളുടെ കുട്ടികൾക്കും HIV ബാധിതരായ കുട്ടികൾക്കും പഠന സാമഗ്രികൾ നൽകി വർഷം മികച്ച സേവനം കാഴ്ചവെക്കുകയുണ്ടായി.
- നിരാലംബരായ രോഗികൾക്ക് കൂട്ടിരിപ്പ് സഹായത്തിനു കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സഹായത്തോടെ സഹായിയെ നൽകുന്നു.
- **ആനുകൂല്യം**

  12 മണിക്കൂർ - 300/-രൂപ

  24 മണിക്കൂർ - 600/- രൂപ

- **കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ**

ആന്റി റിട്രോ വൈറൽ ചികിത്സ (ART) എടുക്കുന്നവർക്ക് പെൻഷനായി പ്രതിമാസം 400/- രൂപയും 120/- രൂപ യാത്രപ്പടിയായും നൽകിവരുന്നു.

➢ **അന്ധത നിയന്ത്രണ പരിപാടി (NPCB & V.I)**

- **തിമിര ശസ്ത്രക്രിയ**

NPCB & V.I-യുടെ ഭാഗമായി സംസ്ഥാനത്തെ നേത്ര ശസ്ത്രക്രിയ സൗകര്യമുള്ള സർക്കാർ ആശുപത്രികൾ, സർക്കാർ ഇതര സംഘടനാ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ തിമിര ശസ്ത്രക്രിയ സൗജന്യമായി ചെയ്തു കൊടുക്കുന്നു. സാമ്പത്തിക സഹായം ഫണ്ടിന്റെ ലഭ്യത അനുസരിച്ചു സർക്കാർ,

ഇതര സംഘടനകളുടെ ആശുപത്രികൾക്ക് സൗജന്യ തിമിര ശസ്ത്രക്രിയയ്ക്കു 1000 രൂപ നൽകിവരുന്നു.

- **വിദ്യാലയ കാഴ്ച പരിശോധന പരിപാടി**

വിദ്യാലയ കാഴ്ച പരിശോധന പരിപാടിയുടെ ഭാഗമായി വിദ്യാലയങ്ങൾ സന്ദർശിച്ചു കുട്ടികളെ കാഴ്ച്ച പരിശോധനക്ക് വിധേയരാകുന്നു. അതിൽ അർഹരായവർക്ക് സൗജന്യമായി കണ്ണട വിതരണം ചെയ്യുകയും ചെയുന്നു.

- **നേത്രദാനം- നേത്രപടലം സംഭരിക്കൽ**

- **നേത്രപടലം വച്ചുപിടിപ്പിക്കൽ**

സംഭരിച്ച നേത്രപടലങ്ങൾ നേത്രപടലാന്ധത ബാധിച്ച വ്യക്തികൾക്ക് ശസ്ത്രക്രിയ വഴി സൗജന്യമായി വച്ചുപിടിപ്പിക്കുന്നു.

- **സൗജന്യ നേത്ര ചികിത്സ ക്യാമ്പുകൾ**

നേത്ര പരിശോധന ക്യാമ്പുകൾ വഴി ഗ്ലോക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി, കോങ്കണ്ണ്, ലോ-വിഷൻ (between 6/60 and 3/60), ശൈശവാന്ധത എന്നീ രോഗങ്ങളുടെ നിർണയം നടത്തുകയും അസുഖം ബാധിച്ചവർക്ക് തുടർചികിത്സ നൽകുകയും ചെയുന്നു. 40 വയസ്സിനു മുകളിൽ പ്രായമായുള്ളവർക്കു നേത്രമർദം ഈ പരിപാടി വഴി പരിശോധിക്കുകയും ചെയുന്നു.

- **റെറ്റിനോപ്പതി ഓഫ് പ്രിമെച്യുരിറ്റി**

മാസം തികയാതെ പ്രസവിക്കുന്ന കുട്ടികൾക്ക് ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിൽ സൗജന്യമായി റെറ്റിന പരിശോധന നടത്തുകയും ചികിത്സ ആവശ്യമായ കുട്ടികൾക്ക് ലേസർ ചികിത്സ നടത്തി വരികയും ചെയുന്നു.

- **ടെലി ഓഫ്തൽമിക് യൂണിറ്റ്**

നേത്ര സംബന്ധമായ അസുഖങ്ങൾ കാലേകൂട്ടി നിർണയിക്കുകയും തുടർ ചികിത്സ ലഭ്യമാക്കുകയും ചെയുന്ന NPCB-യുടെ പുതിയ പദ്ധതിയാണ് ടെലി ഓഫ്തൽമിക് യൂണിറ്റ്. ഈ പദ്ധതി പ്രകാരം നേത്ര സംബന്ധമായ രോഗം നിർണ്ണയിക്കുകയും

പ്രാഥമിക ചികിത്സ നൽകുകയും ചെയുന്നു. വിദഗ്ദ്ധ ചികിത്സ ആവശ്യമെങ്കിൽ ഗവണ്മെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റെഫർ ചെയ്യുകയും ചെയുന്നു.

- **നയനാമൃതം പദ്ധതി**

അഞ്ച് വർഷത്തിൽ കൂടുതലായി പ്രമേഹ ബാധിതരായവർക്ക് നേത്ര ദൃഷ്ടിപടലാന്ധത ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അത് മുൻകൂട്ടി കണ്ടുപിടിച്ചു വേണ്ട ചികിത്സ നൽകുന്ന പദ്ധതിയാണ് ഇത്. പ്രാഥമിക തലത്തിൽ കണ്ടെത്തുന്നതിന് വേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും മെഡിക്കൽ ഓഫീസർമാർ, ഒപ്റ്റോമെട്രിസ്റ്റുമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകിയിരിക്കുന്നു. അഞ്ചു വർഷത്തിൽ കൂടുതലായ പ്രമേഹ രോഗികളുടെ കണ്ണ് പരിശോധിക്കുകയും അതിൽ ഡയബറ്റിക് റെറ്റിനോപ്പതി ഉണ്ടെന്നു സംശയിക്കുന്ന രോഗികളെ ജില്ലാ തലത്തിലുള്ള നേത്രരോഗ വിദഗ്ധരെകൊണ്ട് പരിശോധിപ്പിച്ചു ഉറപ്പു വരുത്തിയതിനു ശേഷം മെഡിക്കൽ കോളേജിൽ നിന്നും വിദഗ്ദ്ധ ചികിത്സ നൽകുന്നതാണ്.

- **ദേശീയ കേൾവിക്കുറവ് പ്രതിരോധവും നിയന്ത്രണവും പദ്ധതി (NPPCD) -സംസ്ഥാന ആരോഗ്യവകുപ്പ്**

കേൾവിക്കുറവുള്ള രോഗികളുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. എല്ലാ ജില്ലാ ആശുപത്രികളിലും ഈ പദ്ധതി വഴിയുള്ള സേവനം ലഭ്യമാണ്.

- **വദനാരോഗ്യം (ദന്ത സംരക്ഷണത്തിനുള്ള പദ്ധതി) -സംസ്ഥാന ആരോഗ്യവകുപ്പ്**

സാധാരണ കണ്ടുവരുന്ന ദന്തരോഗങ്ങളുടെ നിർണ്ണയവും, ചികിത്സകളും കൂടാതെ വിവിധതരം ദന്തശസ്ത്രക്രിയകൾ, സുഷിരങ്ങൾ അടയ്ക്കുന്ന പ്രക്രിയ,

ക്ലീനിങ് ഉൾപ്പെടെയുള്ള എല്ലാവിധ മോണചികിത്സകളും, ഉന്തിയതും ക്രമം തെറ്റിയതുമായ പല്ലുകളെ ക്രമപ്പെടുത്തൽ, ഭാഗികമായും സ്ഥിരമായും പല്ലുവെച്ചു കൊടുക്കുന്ന ചികിത്സകൾ, ഡെന്റൽ ഇസ്ലാന്റുകൾ, ഡെന്റൽ സിസ്റ്റുകൾ, ട്യൂമറുകൾ എന്നിവ നീക്കം ചെയുന്നത് ഉൾപ്പെടെയുള്ള വദനാർബുദചികിത്സ എന്നീ ചികിത്സകൾ ലഭ്യമാക്കി വരുന്നു. കൂടാതെ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഡെന്റൽ സർജന്മാരുടെ നേതൃത്വത്തിൽ പരിശോധന ക്യാമ്പും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

## ➢ മാനസിക വെല്ലുവിളി നേരിടുന്നവർക്കു അർഹമായ ക്ഷേമപദ്ധതികൾ

- **സമഗ്ര മാനസികാരോഗ്യ പദ്ധതി**

മരുന്നു മുഖേന അസുഖം ഭേദമായ മാനസികരോഗികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി. ഈ പദ്ധതി പ്രകാരം പകൽവീടുകൾ എന്ന നാമധേയത്തിൽ 14 ജില്ലകളിലും പുനരധിവാസകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പദ്ധതിയുടെ ഭാഗമായി രോഗികളെ പകൽ സമയങ്ങളിൽ വീട്ടിൽനിന്നും പുനരധിവാസകേന്ദ്രങ്ങളിൽ എത്തിക്കുകയും വൈകുന്നേരങ്ങളിൽ വീട്ടിൽ കൊണ്ട് ചെന്ന് വിടുകയും ചെയുന്ന പരിപാടി. രോഗികൾക്ക് ഭക്ഷണം, മരുന്ന്, ചികിത്സ കൗൺസിലിങ് എന്നിവ നൽകുന്നു. ഇതുകൂടാതെ സാങ്കേതിക പരിജ്ഞാനം, തൊഴിൽപരമായ പരിശീലനം എന്നിവയുടെ ഭാഗമായി പേപ്പർബാഗ് നിർമ്മാണം, വാഷിംഗ് പൗഡർ, കുട നിർമ്മാണം, ആഭരണനിർമ്മാണം എന്നിവയുടെ പരിശീലനം നൽകുന്നു.

- **ജില്ലാ മാനസികാരോഗ്യ പരിപാടി**

മാനസികാരോഗ്യ കേന്ദ്രങ്ങൾക്കു പുറമേ മാനസികാരോഗ്യ പരിചരണം മറ്റ് ആരോഗ്യകേന്ദ്രങ്ങൾ വഴിയും ലഭ്യമാകുന്ന പരിപാടി. പരിപാടിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങൾ വഴി മാസത്തിൽ ഒരു ദിവസം

മനസികാരോഗ്യപരിചരണം ലഭ്യമാക്കുന്നു. ഇതിനായി ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ വിഭാഗങ്ങൾ എന്നിവർക്ക് പ്രത്യേക ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

- **വയോജന ആരോഗ്യ പരിപാടി (വൃദ്ധജന പരിപാലനത്തിനുള്ള പദ്ധതി)**

**-സംസ്ഥാന ആരോഗ്യവകുപ്പ്, ദേശീയ ആരോഗ്യ മിഷൻ**

ജില്ലാ ആശുപത്രികളിൽ വയോജന സൗഹൃദ വാർഡുകൾ, പ്രത്യേക ഓ.പി.കൾ, വയോജന സൗഹൃദ ശൗചാലയം, നോ ക്യൂ സിസ്റ്റം, ഫിസിയോതെറാപ്പി യൂണിറ്റുകൾ എന്നിവ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

- **പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പോളിസി - കേരള സർക്കാർ**

കേരള സർക്കാരിന്റെ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പോളിസി പ്രകാരം കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി തക്കസമയത്തു പരിചരണവും, സഹായവും നൽകുന്നു. മൂന്ന് ഘട്ടങ്ങളായാണ് പോളിസിയുടെ പ്രവർത്തനം നടത്തുന്നത്.

ആദ്യഘട്ടത്തിൽ കിടപ്പിലായ രോഗികളെ വീടുകളിൽ ചെന്ന് ശരിയായ പരിചരണം നൽകുന്നു (wound cleaning, rhyles tube change, urinary catheter change etc.)

രണ്ടാം ഘട്ടത്തിൽ ഇൻ പേഷ്യന്റ് കെയർ, ഔട്ട് പേഷ്യന്റ് കെയർ അതുപോലെ ഹോം കെയറും നൽകുന്നു.

മൂന്നാം ഘട്ടത്തിൽ വിദഗ്ദ്ധർ നൽകുന്ന ട്രെയിനിങ് (ഡോക്ടർമാർ, നഴ്സുമാർ, കമ്മ്യൂണിറ്റി നഴ്സുമാർ തുടങ്ങിയവർക്ക്)

- **ട്രോമാ കെയർ പദ്ധതി - കേരള സർക്കാർ**

അപകടത്തിപ്പെടുന്ന ആളുകൾക്ക് ആദ്യ 48 മണിക്കൂർ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന കേരള സർക്കാരിന്റെ നൂതന പദ്ധതിയാണ് ഇത്. ആദ്യത്തെ 48 മണിക്കൂറിലുള്ള രോഗിയുടെ ചികിത്സ ചെലവും സർക്കാർ വഹിക്കുകയും തുടർന്നു ആ തുക അതാതു ഇൻഷുറൻസ് കമ്പനികൾ സർക്കാരിന് തിരികെ നൽകുകയും ചെയുന്നു.

- **ഡയൽ എ ഡോക്ടർ പ്രോഗ്രാം - സംസ്ഥാന ആരോഗ്യ വകുപ്പ്**

24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രോഗ്രാം അത്യാവശ്യ ഘട്ടങ്ങളിൽ ഫസ്റ്റ് എയ്ഡ് നൽകുന്നതിനോ തുടർചികിത്സയ്ക്കോ ഒരാൾക്ക് ഡോക്ടറെ വിളിക്കണം എന്നുണ്ടെങ്കിൽ വിളിക്കാനുള്ള പദ്ധതി.

- **ആംബുലൻസ് സൗകര്യം - സംസ്ഥാന ആരോഗ്യ വകുപ്പ്**

അനുദിനം വർധിച്ചുവരുന്ന റോഡപകടങ്ങൾ കാരണം അത്യാഹിത സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ളതാണ് 108 ആംബുലൻസ് സർവീസ്. അത്യാധുനിക പ്രഥമ ശുശ്രൂഷ സൗകര്യങ്ങളും പരിചയസമ്പന്നരായ നഴ്സുമാരുടെയും ടെക്നീഷ്യന്മാരുടെയും സേവനങ്ങളും ഒരുക്കിയിട്ടുള്ള 108 ആംബുലൻസിന്റെ സേവനം 24 മണിക്കൂറും 108 ടോൾ ഫ്രീ നമ്പറിലൂടെ ലഭ്യമാണ്.

## III. മറ്റു ധനസഹായ പദ്ധതികൾ

- **സൊസൈറ്റി ഫോർ മെഡിക്കൽ അസ്സിസ്റ്റൻസ് റ്റു ദി പുവർ (SMAP)**

**- സംസ്ഥാന ആരോഗ്യവകുപ്പ്**

മാരകമായ രോഗങ്ങൾ കാരണം വിഷമിക്കുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുകയാണ് സൊസൈറ്റിയുടെ ലക്ഷ്യം.

**ധനസഹായം ലഭിക്കുന്നതിനുള്ള നിബന്ധനകൾ**

1. രോഗിയുടെ കുടുംബവാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

2. സൊസൈറ്റി മുഖാന്തിരമുള്ള ചികിത്സ ധനസഹായം പരമാവധി 50,000/- രൂപ വരെ ലഭിക്കാൻ രോഗിക്ക് അർഹതയുണ്ടായിരിക്കും (ഒറ്റ തവണ മാത്രം)

മറ്റെന്തെങ്കിലും സർക്കാർ ആനുകൂല്യം (CHIS/ CHIS PLUS etc.) ലഭ്യമായിട്ടുണ്ടെങ്കിൽ ചികിത്സയ്ക്ക് ആ തുകയേക്കാൾ അധികം വന്ന ചെലവ് പരമാവധി 50,000/- രൂപവരെ അനുവദിക്കാൻ വ്യവസ്ഥയുണ്ട്. അതിന് രോഗിക്ക് ചെലവ് വന്നതായി ചികിൽസിക്കുന്ന ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം നൽകണം.

**ചികിത്സ ധനസഹായം ലഭിക്കുന്ന ചികിത്സകളും ശസ്ത്രക്രിയകളും**

1. മസ്തിഷ്ക്ക ശസ്ത്രക്രിയ
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ
3. വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ
4. കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ
5. പേസ് മേക്കർ സ്ഥാപിക്കൽ
6. ആൻജിയോപ്ലാസ്റ്റി
7. കാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ)

8. ഡയാലിസിസ്

9. ട്യൂമർ റിമൂവൽ

10. അസ്ഥിസംബന്ധമായ ശസ്ത്രക്രിയകൾ

- റിസെക്ഷനും പ്രോസ്തസിസും, ലംബാർ തൊറാസിക്ക് വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ, കാൽമുട്ട് മാറ്റിവെക്കൽ

11. സിക്കിൾ സെൽ അനീമിയ

12. ഗില്ലെൻബാരി സിൻഡ്രോം

13. ഇടുപ്പെല്ല് മാറ്റിവെക്കൽ ശസ്ത്രക്രിയ

14. ഗർഭപാത്രം നീക്കം ചെയ്യുന്ന ശസ്ത്രക്രിയ

15. വന്ധ്യതാചികിത്സ

16. ക്രോണിക് ലിവർ ഡിസീസ്

17. പക്ഷാഘാതം

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.

2. രോഗിയുടെ ആധാർ കാർഡിന്റെയോ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡിന്റേയോ പകർപ്പ്.

ചികിത്സ ധനസഹായത്തിനുള്ള അപേക്ഷഫോറത്തിന്റെ മാതൃക **www.dhs.kerala.gov.in** എന്ന വെബ്സൈറ്റിൽ **SMAP** എന്ന ലിങ്കിൽ ലഭ്യമാണ്.

- **ഹെൽത്ത് മിനിസ്റ്റേഴ്സ് വെൽഫയർ ഫണ്ട് - സംസ്ഥാന ആരോഗ്യവകുപ്പ്**

തുടർചികിത്സ നടത്തിവരുന്ന രോഗികൾക്ക് 2000/- രൂപയുടെ ധനസഹായം.

**അർഹതാമാനദണ്ഡം**

മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള TB രോഗികൾക്കും, കുഷ്ഠരോഗികൾക്കും, അതല്ലെങ്കിൽ ഏതെങ്കിലും പകർച്ചവ്യാധികളുള്ള രോഗികൾക്കാണ് ഈ ധനസഹായം നൽകി വരുന്നത്.

**അപേക്ഷിക്കേണ്ട വിധം**

- ചികിൽസിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ്
- വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് സഹിതം വെള്ള പേപ്പറിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**അപേക്ഷിക്കേണ്ട വിലാസം**

- ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം

- **CHIS PLUS - സംസ്ഥാന ആരോഗ്യവകുപ്പ്**

ആരോഗ്യ കാർഡ് വഴി നൽകുന്ന കേരള ഗവണ്മെന്റിന്റെ പദ്ധതിയാണ് CHIS PLUS. **രോഗി** BPL **വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ** 70,000 **രുപ വരെയുള്ള ചികിത്സ സൗജന്യമായി നൽകുന്നു.**

- **സുകൃതം പദ്ധതി - കേരള സർക്കാർ**

കാൻസർ ബാധിതരായ BPL കുടുംബങ്ങളിലെ രോഗികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന പദ്ധതിയാണ് സുകൃതം.

**ചികിത്സ ലഭിക്കുന്ന ആശുപത്രികൾ**

- റീജിയണൽ കാൻസർ സെന്റർ
- മലബാർ കാൻസർ സെന്റർ

- തിരുവനന്തപുരം മെഡിക്കൽ കോളേജ്
- ആലപ്പുഴ മെഡിക്കൽ കോളേജ്
- കോട്ടയം മെഡിക്കൽ കോളേജ്
- കോഴിക്കോട് മെഡിക്കൽ കോളേജ്
- എറണാകുളം ജനറൽ ആശുപത്രി

ലഭിക്കുന്ന ആനുകൂല്യം - 3,00,000/- രൂപ

- **ആവാസ് പദ്ധതി (ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള പദ്ധതി)**

**-കേരള സർക്കാർ**

ഇതര സംസ്ഥാന തൊഴിലാളികൾക്ക് (18-60 വയസ്സുവരെ) വേണ്ടി കേരള സർക്കാർ നടപ്പാക്കിയ പുതിയ പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ഐഡൻറിറ്റി കാർഡ് നൽകുകയും, കാർഡ് ലഭ്യമായിട്ടുള്ള തൊഴിലാളികൾക്ക് മെഡിക്കൽ കെയറിന് വേണ്ടി 15,000/- രൂപ നൽകുന്നതാണ്. മരണം സംഭവിക്കുന്ന ഘട്ടത്തിൽ ഇൻഷുറൻസ് തുകയായി 2 ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്.

- **വെൽഫെയർ സൊസൈറ്റി ഫോർ ദി ലോക്കോമോട്ടോർ ഡിസബിൾഡ് (ഭിന്നശേഷിയുള്ളവർക്കുള്ള പദ്ധതി)**

അംഗവൈകല്യം മൂലം ചലനശേഷി നഷ്ട്ടപെട്ടവർക്ക് ചലനത്തിന് സഹായിക്കുന്ന ഉപകരണങ്ങൾ സൗജന്യമായി നൽകുന്നു.

# കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, സാമൂഹ്യ നീതി വകുപ്പ്, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, ഭാരത സർക്കാർ എന്നീ വകുപ്പുകൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ

## I. കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി

- **സംയോജിത ശിശു വികസന സേവന പദ്ധതി (ICDS) - സാമൂഹ്യ നീതി വകുപ്പ്**

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

- 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
- ശിശുവിന്റെ ശാരീരികവും, മാനസികവും, സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
- ശിശുമരണം, രോഗാതുരത, പോഷകക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.
- ശിശുവികസനത്തിനു അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.
- ശിശുക്കളുടെ ശരിയായ ആരോഗ്യം, പോഷകാവശ്യതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർധിപ്പിക്കുക.

**ഗുണഭോക്താക്കൾ**

- 6 വയസ്സിൽ താഴെപ്രായമുള്ള കുട്ടികൾ
- ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ
- കൗമാര പ്രായക്കാരായ പെൺകുട്ടികൾ
- 18നും 45 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ

**സേവനങ്ങൾ**

- അനുപൂരക പോഷകാഹാരം, വളർച്ച നിരീക്ഷണം

- ആരോഗ്യ പരിശോധന
- റഫറൽ സർവീസസ്
- ആരോഗ്യ പ്രതിരോധ കുത്തിവെയ്പ്പും ചികിത്സയും
- ആരോഗ്യ പോഷണ വിദ്യാഭ്യാസം
- അനൗപചാരിക പ്രീ പ്രൈമറി വിദ്യാഭ്യാസം

➢ **രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെൻറ് ഓഫ് അഡോളസെൻറ് ഗേൾസ് (RGSEAG)- SABLA - വനിതാ ശിശു വികസന മന്ത്രാലയം**

**പദ്ധതിയുടെ പ്രധാന ഘടകങ്ങൾ**

- സപ്ലിമെന്ററി ന്യൂട്രിഷൻ
- അയൺ ആൻറ് ഫോളിക് ആസിഡ് സപ്ലിമെന്റഷൻ
- ഹെൽത്ത് ചെക്കപ്പ് ആൻറ് റഫറൽ സർവീസ്
- ന്യൂട്രിഷൻ ആൻറ് ഹെൽത്ത് എഡ്യൂക്കേഷൻ
- കൗൺസിലിങ് ഗൈഡൻസ് ഓൺ ഫാമിലി വെൽഫെയർ, എ.ആർ.എസ്.എച്ച്, ചൈൽഡ് കെയർ പ്രാക്ടിസിസ് ആൻറ് ഹോം മാനേജ്മന്റ്
- ലൈഫ് സ്കിൽ എഡ്യൂക്കേഷൻ ആൻറ് ആക്സസിങ് പബ്ലിക് സർവീസസ്.
- 16 വയസ്സിനുമേൽ പ്രായമുള്ള പെൺകുട്ടികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ്

➢ **ഇന്ദിരഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY) - വനിതാ ശിശു വികസന മന്ത്രാലയം**

ഈ പദ്ധതിപ്രകാരം അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും നിബന്ധനകൾ പാലിച്ചിട്ടുള്ളതുമായ ഗർഭിണികളായ സ്ത്രീകൾക്ക് നാലാം മാസം 1500 രൂപയും പ്രസവാനന്തരം മൂന്നാം മാസം 1500 രൂപയും ആറാം മാസം 1000 രൂപയും ഉൾപ്പെടെ ആകെ 4000 രൂപ നിശ്ചിത നിബന്ധനകൾ പാലിക്കുന്നത് ഉറപ്പാക്കി ഗർഭസ്ഥ, മുലയൂട്ടൽ കാലയളവിൽ നൽകുന്നതാണ്.

- **മിഠായി പദ്ധതി (Type 1 Diabetes Mellitus)**

**- കേരള സാമൂഹ്യസുരക്ഷാ വകുപ്പ്, സംസ്ഥാന ആരോഗ്യവകുപ്പ്**

പ്രമേഹം ടൈപ്പ് 1 രോഗമുള്ള 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കു ചികിത്സയ്ക്ക് ആവശ്യമായ ധനസഹായം നൽകിവരുന്ന കേരള സാമൂഹ്യ സുരക്ഷാ വകുപ്പിന്റെ പുതിയ പദ്ധതിയാണ് മിഠായി. ഈ പദ്ധതിപ്രകാരം ഒരു ലക്ഷം രൂപയാണ് ധനസഹായമായി ലഭിക്കുക. രോഗത്തിന്റെ തീവ്രത കണക്കിലെടുത്തു അഞ്ചു ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്ന പദ്ധതിയാണ് ഇത്.

**മാനദണ്ഡങ്ങൾ**

- അപേക്ഷകന് 18 വയസ്സിനു താഴെ പ്രായം
- കുടുംബ വാർഷിക വരുമാനം- രണ്ടു ലക്ഷം രൂപയിൽ താഴെ

## II. മറ്റു ചികിത്സ പദ്ധതികൾ

- **കാൻസർ സുരക്ഷാ പദ്ധതി - കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

18 വയസ്സിനു താഴെ പ്രായമുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് നിയുക്ത ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് കാൻസർ സുരക്ഷാ പദ്ധതി. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടിവരുന്നവർക്ക് ചികിത്സ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല. പ്രത്യേക അപേക്ഷ ഫോറം ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാ മിഷന്റെ കൗൺസിലർമാർ നടത്തുന്ന സാമ്പത്തിക സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് APL/ BPL വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

- **താലോലം - കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

18 വയസിനു താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീ രോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥി വൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്,

ശസ്ത്രക്രിയ അടക്കമുള്ള ചികിത്സ ചെലവ് വഹിക്കുന്നു. കൂടുതൽ വിദഗ്ദ്ധ ചികിത്സ ആവശ്യമായവർക്കും ചികിത്സ ചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല. പ്രത്യേക അപേക്ഷ ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാ മിഷന്റെ കൗൺസിലർമാർ നടത്തുന്ന സാമ്പത്തിക സാമൂഹ്യവിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് APL/BPL വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

➢ **യാത്ര ആനുകൂല്യങ്ങൾ**

- **റെയിൽവേ**

കാൻസർ രോഗികൾക്ക് സൗജന്യമായും സഹായിക്ക് സെക്കന്റ് ക്ലാസ് യാത്ര നിരക്കിന്റെ 25% മുടക്കിയാൽ മതിയാകും. യാത്രാപരിധി വീടിനു അടുത്തുനിന്നു RCC വരെയും അവിടുന്ന് തിരിച്ചും ലഭിക്കുന്നു.

- **വിമാനയാത്ര**

വിമാനയാത്രയുടെ 50% മുടക്കിയാൽ മതിയാകും. യാത്രാപരിധി വീടിനു അടുത്തുനിന്നുള്ള വിമാനത്താവളം മുതൽ തിരുവനന്തപുരം വിമാനത്താവളം വരെയും അവിടുന്ന് തിരിച്ചും ലഭിക്കുന്നു.

➢ **റീജിയണൽ കാൻസർ സെന്റർ പദ്ധതി**

- സൗജന്യ ഭക്ഷണം, മരുന്ന്

റീജിയണൽ കാൻസർ സെന്ററിലെ BPL വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യമായി ഭക്ഷണവും മരുന്നും നൽകിവരുന്ന പദ്ധതിയാണ് ഇത്.

- ശ്രവണ വൈകല്യമുള്ളവർക്കുള്ള ചികിത്സ സഹായം

- **സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID) - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

വൈകല്യം തടയൽ, പ്രാരംഭ നിർണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സർക്കാർ പ്രത്യേക താൽപര്യമെടുത്തു തുടങ്ങിയ പരിപാടി. വൈകല്യ പ്രതിരോധ പരിപാടിയുടെ ഭാഗമായി ജന്മനായുള്ള വൈകല്യം തടയുന്നതിനായി സൗജന്യമായി കുട്ടികൾക്ക് MMR കുത്തിവെയ്പ്പും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റൂബെല്ല കുത്തിവെപ്പും നൽകുന്നു.

- **ശ്രുതിതരംഗം- കോക്ലിയർ ഇസ്സ്ലന്റഷന് പദ്ധതി - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

0-5 വയസുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇസ്സ്ലന്റഷന് സർജറിയിലൂടെ കേൾവിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന കുഞ്ഞുങ്ങൾക്കു കോക്ലിയർ ഇസ്സ്ലന്റഷന് സർജറിയിലൂടെ കേൾവിയും തുടർച്ചയായ ഓഡിയോ വെർബൽ ഹാബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചരലക്ഷം രൂപ വരെ ചെലവ് ചെയ്തു നടപ്പാക്കുന്ന ഈ പദ്ധതി പൂർണമായും സൗജന്യമാണ്. പ്രതിവർഷം രണ്ടു ലക്ഷം രൂപ കുടുംബവരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്. പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായതു ഗുണഭോക്താവിന് തെരെഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ ആശുപത്രികൾ തെരെഞ്ഞെടുക്കുന്നവർ സർജറി ചാർജ് സ്വന്തമായി വഹിക്കേണ്ടതാണ്.

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ദ്ധരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് എന്നിവയാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. അപേക്ഷ ഫോം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റിലും, ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റിലും സുരക്ഷാ മിഷന്റെ ഓഫീസിലും ലഭ്യമാണ്.

- **നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ് (NISH)**

സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്തവരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമിട്ടു സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്ഥാപനമാണ് നിഷ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള പരിശീലനവും സാങ്കേതികവുമായ സഹായങ്ങളുമാണ് നിഷ് നൽകുന്നത്. കൂടാതെ കേൾവിശക്തി വിലയിരുത്തുക, സംസാരശേഷി പുനഃസ്ഥാപിക്കുക, സ്പീച് തെറാപ്പി, ഏർലി ഇന്ററെർവെൻഷൻ ആൻഡ് ഗൈഡൻസ് പ്രോഗ്രാം, ഓട്ടിസം ഇന്ററെർവെൻഷൻ ക്ലിനിക്, ഇ എൻ റ്റി സേവനങ്ങൾ, മനഃശാസ്ത്രപരമായ സേവനങ്ങൾ, കേൾവിശക്തികുറവുള്ള 12 ക്ലാസ് പാസ്സായ കുട്ടികൾക്കായുള്ള ഡിഗ്രി കോഴ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയാണ് നിഷിലെ പ്രധാന പ്രവർത്തനങ്ങൾ.

കേരള സർക്കാർ നടപ്പിലാക്കി വരുന്ന ശ്രുതിതരംഗം പദ്ധതിയിലൂടെ നടത്തുന്ന കോക്ലെയർ ഇമ്പ്ലന്റഷന് പദ്ധതിയിൽ ഓഡിറ്ററി വെർബൽ തെറാപ്പിയുടെ സംസ്ഥാന തലത്തിലുള്ള ഉത്തരവാദിത്വം നിഷ് വഹിക്കുന്നുണ്ട്. അതിനു വേണ്ടിയുള്ള പരിശീലനം, ദീർഘകാല പഠനങ്ങൾ തുടങ്ങിയവ നിഷ് നടപ്പിലാക്കിവരുന്നു.

➢ **കാതോരം പദ്ധതി**

- ഭിന്നശേഷിയുള്ളവർക്കായുള്ള അനുയാത്ര പദ്ധതിയുടെ ഉപപദ്ധതിയായാണ് കുട്ടികളുടെ കേൾവി വൈകല്യങ്ങൾ പരിഹരിക്കുന്ന പദ്ധതി തുടങ്ങിയത്.
- നവജാത ശിശുവിന്റെ ശ്രവണവികാസം പരിശോധിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കി നാലുവയസാകുമ്പോൾ സാധാരണസ്ഥിതിയിലെത്തിക്കാനാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- കോക്ലിയാർ ഇംപ്ലാന്റും തുടർചികിത്സയും ഉറപ്പാക്കുന്ന മറ്റൊരു പദ്ധതിയാണ് ധ്വനി.
- ശ്രവണ വൈകല്യം നേരത്തെ തിരിച്ചറിയാൻ എല്ലാ ജില്ലകളിലും ഏർളി ഇന്റർവെൻഷൻ സെന്ററുകളും മൊബൈൽ യൂണിറ്റുകളും സജ്ജമാണ്.

**നടപടികൾ**

- നവജാത ശിശുക്കളിലെ ശ്രവണവൈകല്യങ്ങളെ കാലേക്കൂട്ടി പരിശോധിക്കുകയും വേണ്ട ചികിത്സ സൗകര്യങ്ങൾ ലഭ്യമാകുകയും ചെയ്യുന്ന പദ്ധതിയാണ് കാതോരം.
- നവജാതശിശുവിന്റെ ജനനസമയത്തോ അല്ലെങ്കിൽ ആദ്യ മാസത്തിലോ ശ്രവണശക്തി സ്ക്രീനിംഗ് നടത്തുന്നു
- ശ്രവണവൈകല്യം ഉണ്ടോ എന്ന് മൂന്നാം മാസത്തിൽ തന്നെ സ്ഥിരീകരിക്കുന്നു.
- ആവശ്യമെങ്കിൽ ആറാം മാസത്തിൽ ശ്രവണസഹായിയോ ഓഡിറ്ററി വിഷ്വൽ തെറാപ്പിയോ നൽകുന്നു.
- പതിനെട്ടാം മാസത്തിൽ കോക്ലിയർ ഇസ്ലാൻറ്.
- 42 മാസം വരെ പോസ്റ്റ് ഇസ്ലാൻറ് ഹാബിലിറ്റേഷൻ തെറാപ്പി
- അംഗൻവാടികളിലും സ്കൂളുകളിലും തുടർ നടപടി സ്വീകരിക്കുന്നതാണ്.

- **ADIP Scheme (Assistance to Disabled Person for Purchase/ Fitting of Aid Appliances)**

അംഗവൈകല്യമുള്ളവർക്കു അതിന്റെ സ്വഭാവമനുസരിച്ചു ആധുനിക ഉപകരണങ്ങൾ വിതരണം ചെയുന്ന പദ്ധതിയാണ് ഇത്. ഉപകരണങ്ങൾ ലഭ്യമാക്കി അവരെ സ്വയം പര്യാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിപ്രകാരം ഭിന്നശേഷിയുള്ള ആളുകളെ ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികപരമായി പ്രാപ്തരാക്കുന്നതിനു വേണ്ടി ഉറപ്പുള്ളതും ആധുനികവും ശാസ്ത്രീയവും അത്യാധുനികവും നിലവാരമുള്ളതുമായ ശ്രവണസഹായികൾ നൽകി വരുന്നു. ഉപകരണങ്ങൾ ഉപയോഗിക്കാൻ തക്ക വൈകല്യം ഗുണഭോക്താവിന് ഉണ്ട് എന്ന് തെളിയിക്കുന്ന ഒരു അംഗീകൃത ഡോക്ടറുടെ സാക്ഷ്യപത്രം സഹിതമുള്ള അപേക്ഷ ജില്ലാ വകുപ്പ് ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. വാർഷിക വരുമാനം 10,000/- രൂപയിൽ കൂടുതലാകാൻ പാടില്ല.

## III. മറ്റു ധനസഹായ പദ്ധതികൾ

➢ **രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY)**

**- ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം- ഭാരത സർക്കാർ**

തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ വഴി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ സഹായം ലഭ്യമാക്കുന്ന കേന്ദ്ര സർക്കാരിന്റെ ഒരു പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY). ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ അഞ്ച് അംഗങ്ങൾക്കാണ് ഇൻ പേഷ്യന്റ് ചികിത്സയ്ക്ക് വേണ്ട ആനുകൂല്യം ലഭ്യമാകുന്നത്.

- ഓരോ അഡ്മിഷനും 100 രൂപ യാത്രാബത്ത
- ലഭിക്കുന്ന ആനുകൂല്യം- 30,000/- രൂപ

ആയതിനു ആനുകൂല്യത്തിന് അർഹതയുള്ള കുടുംബങ്ങളിലെ അംഗങ്ങൾ 30 രൂപ അടച്ചു ആരോഗ്യ ഇൻഷുറൻസിൽ രജിസ്റ്റർ ചെയ്യണം.

**അർഹതപെട്ടവർ**

- വെൽഫെയർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൺസ്ട്രക്ഷൻ ജോലിചെയ്യുന്നവർ
- ലൈസൻസുള്ള റെയിൽവേ പോർട്ടർമാർ
- തെരുവ് കച്ചവടക്കാർ
- ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 15 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുള്ളവർ
- ബീഡി വർക്കേഴ്സ്
- ഗാർഹിക തൊഴിലാളികൾ
- ശുചീകരണ തൊഴിലാളികൾ
- ഖനി തൊഴിലാളികൾ
- റിക്ഷ പുള്ളേർസ്
- റാഗ് പിക്കേഴ്സ്
- ഓട്ടോ/ ടാക്സി ഡ്രൈവേഴ്സ്

- **രാഷ്ട്രീയ ആരോഗ്യ നിധി (ഹെൽത്ത് മിനിസ്റ്റേഴ്സ് കാൻസർ പേഷ്യന്റ് ഫണ്ട്)**
  **-ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം- ഭാരത സർക്കാർ**

ഈ പദ്ധതിപ്രകാരം ലഭ്യമാകുന്ന ആനുകൂല്യം രണ്ടു ലക്ഷം രൂപയാണ്. ലഭ്യമാകുന്ന ചികിത്സകൾ - ശസ്ത്രക്രിയകൾ, കീമോതെറാപ്പി, റേഡിയോളജിക്കൽ സ്കാനിങ്, ഐ.പി കെയർ തുടങ്ങിയവ.

**മാനദണ്ഡങ്ങൾ**

- തഹസിൽദാർ ഇംഗ്ലീഷിൽ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ വരുമാന സർട്ടിഫിക്കറ്റ്.

- **കാരുണ്യ ബെനവലന്റ് പദ്ധതി (KBF) - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്**

നമ്മുടെ സംസ്ഥാനത്തു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് നിശ്ചിത രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സക്ക് ധനസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ചികിത്സ ധനസഹായ പദ്ധതിയാണ് ഇത്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടപ്പിലാക്കി വരുന്ന കാരുണ്യ, കാരുണ്യ പ്ലസ് എന്നീ പ്രതിവാര ഭാഗ്യക്കുറികളിൽ നിന്നുള്ള വരുമാനമാണ് ഈ പദ്ധതിക്ക് വേണ്ടി നീക്കിവെച്ചിട്ടുള്ളത്. ആശുപത്രി ചെലവ് വഹിക്കാനും മരുന്ന് വാങ്ങാനും കഴിവില്ലാത്ത ഏതു രോഗിക്കും ഏതു രോഗത്തിനും 5000/- രൂപയും, കാൻസർ, ഹൃദ്രോഗം, വൃക്ക, കരൾ, മസ്തിഷ്ക്ക രോഗം, നട്ടെല്ലിനും സുഷുമ്ന നാഡിക്കുമുണ്ടാകുന്ന മാരകരോഗങ്ങൾ, മാരകമായ ശ്വാസകോശ രോഗങ്ങൾ, സാന്ത്വന പരിചരണം വേണ്ടി വരുന്ന രോഗികൾ എന്നിവർക്ക് പരമാവധി രണ്ടു ലക്ഷം രൂപ വരെയും, ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫിലിയ രോഗികളുണ്ടെങ്കിൽ ഓരോ രോഗിക്കും മൂന്ന് ലക്ഷം രൂപ വരെയും ഇതിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്. നിലവിൽ ഹീമോഫിലിയ രോഗികൾക്ക് നൽകുന്ന ധനസഹായമായ രണ്ടു ലക്ഷം രൂപയ്ക്കുള്ള ഫാക്ടറുകൾ ഉപയോഗിച്ച് കഴിഞ്ഞു തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി ഈ ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്.

അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയയിൽ രോഗിക്ക് പുറമേ അവയവദാതാവിനുള്ള ചികിത്സയ്ക്കായി KBF നിന്നും ഒരു ലക്ഷം രൂപ അനുവദിക്കും. വൃക്ക ദാതാവിനും വൃക്ക സ്വീകരിക്കുന്ന രോഗിയും ഒരേ റേഷൻ കാർഡിൽ പേരുള്ളവരായാൽ പ്രസ്തുത കുടുംബത്തിന് അനുവദിക്കുന്ന ചികിത്സ തുക മൂന്ന് ലക്ഷം രൂപ വരെ ആയിരിക്കും.

**ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർ**

മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**ധനസഹായം ലഭിക്കുന്ന രോഗികളും/ രോഗങ്ങളും**

**ഏതുരോഗവും**: പരമാവധി ധനസഹായം 5000/- രൂപ വരെ ലഭിക്കുന്നു (ഒറ്റ തവണ മാത്രം)

**സമർപ്പിക്കേണ്ട രേഖകൾ**

1. അപേക്ഷ
2. റേഷൻ കാർഡിന്റെ പകർപ്പ്
3. സർക്കാർ/ സ്വകാര്യ ആശുപത്രിയിൽ രോഗിയുടെ ഇൻ പേഷ്യന്റ് / ഔട്ട് പേഷ്യന്റ് റെക്കോർഡിന്റെ പകർപ്പ്

**അധിക ധനസഹായം അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള രോഗങ്ങൾ**

1. ഹൃദയ സംബന്ധമായ രോഗങ്ങൾ
2. തലച്ചോർ, കരൾ ശസ്ത്രക്രിയ
3. വൃക്ക, കരൾ, ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയകൾ
4. കാൻസർ രോഗികൾ

- **കാൻസർ പെൻഷൻ പദ്ധതി**

ചികിത്സ കഴിഞ്ഞ വിഭാഗത്തിൽപ്പെട്ട കാൻസർ രോഗികൾക്കാണ് ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നത്. ധനസഹായം ലഭ്യമാക്കാൻ ചികിൽസിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പ്രതിവർഷം സമർപ്പിക്കേണ്ടതാണ്.

- ലഭിക്കുന്ന ആനുകൂല്യം - പ്രതിമാസം 1000/- രൂപ

- **വൃക്ക, കരൾ, ഹീമോഫിലിയ രോഗികൾക്കുള്ള പദ്ധതികൾ**

- **സമാശ്വാസം പദ്ധതി I - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

വൃക്കക്ക് തകരാർ സംഭവിച്ചു മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസ് നടത്തുന്ന BPL വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ഇത്.

അനുവദിക്കുന്ന ധനസഹായം :- പ്രതിമാസം 1100 /- രൂപ

**മാനദണ്ഡങ്ങൾ**

1. BPL വിഭാഗത്തിപ്പെടുമെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്
2. രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസ് നടത്തുന്നുവെന്നുള്ള സർക്കാർ/ സ്വകാര്യ ആശുപത്രിയിലെ വൃക്ക രോഗ വിദഗ്ദ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് (ഡയാലിസിസ് ആരംഭിച്ച തീയതി രേഖപ്പെടുത്തണം)
3. അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. പാസ് ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.
4. ആധാർ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നി രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

**അപേക്ഷ ഫോം ലഭിക്കുന്നത്**

- ICDS പ്രോജെക്ട് ഓഫീസ്
- പഞ്ചായത്ത് ഓഫീസ്
- കോർപ്പറേഷൻ/ മുനിസിപ്പൽ ഓഫീസ്
- അംഗൻവാടി
- സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസ്

**അപേക്ഷ നൽകേണ്ട വിധം**

പൂരിപ്പിച്ച അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകേണ്ടതാണ്.

- **സമാശ്വാസം പദ്ധതി II - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

വൃക്ക, കരൾ അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വിധേയരായ രോഗികൾക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ അനുവദിക്കുന്നു. ഒരു ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ളവർക്കു ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ശസ്ത്രക്രിയ കഴിഞ്ഞു അഞ്ചു വർഷം വരെയാണ് ധനസഹായം അനുവദിക്കുന്നത്.

**മാനദണ്ഡങ്ങൾ**

1. വൃക്ക/ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്കു വിധേയരായി തുടർചികിത്സ നടത്തുന്നയാളാണെന്നു വൃക്ക/ കരൾ രോഗ വിദഗ്ദ്ധൻ നൽകുന്ന സർട്ടിഫിക്കറ്റ്.
2. വൃക്ക/ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്കു ശേഷം ബന്ധപ്പെട്ട ആശുപത്രികളിൽ നൽകുന്ന ഡിസ്ചാർജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപെടുത്തിയ പകർപ്പ്.

3. കുടുംബവാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.
4. അപേക്ഷകന്റെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്കിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

**അപേക്ഷ ലഭിക്കുന്നത്**

- ICDS പ്രോജെക്ട് ഓഫീസ്
- പഞ്ചായത്ത് ഓഫീസ്
- കോർപ്പറേഷൻ/ മുനിസിപ്പൽ ഓഫീസ്
- അംഗൻവാടി
- സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസ്

**അപേക്ഷ നൽകേണ്ട വിധം**

പൂരിപ്പിച്ച അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകേണ്ടതാണ്.

- **സമാശ്വാസം പദ്ധതി III - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

രക്തം കട്ട പിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവ് മൂലം ഹീമോഫിലിയായും, അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. വരുമാന പരിധി ബാധകമാക്കാതെയാണ് ധനസഹായം അനുവദിക്കുന്നത്.

ഹീമോഫിലിയ രോഗിയാണെന്ന് ഗവണ്മെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ/ ആലുവ ജില്ലാ ആശുപത്രിയിലെ/ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെഡിസിൻ/ പീഡിയാട്രിക്/ ഹെമറ്റോളജി വിഭാഗങ്ങളിലെ ഏതെങ്കിലും ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഈ സർട്ടിഫിക്കറ്റ് വകുപ്പ് തലവനോ / ആശുപത്രി സൂപ്രണ്ടോ ഒപ്പിടേണ്ടതാണ്.

നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചു ലഭിക്കുന്ന പാസ് ബുക്കിന്റെ പകർപ്പ് നൽകേണ്ടതാണ്. നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സ്ക്യൂട്ടീവ് ഡയറക്ടർക്ക് അയക്കേണ്ടതാണ്. അപേക്ഷ ഫോറം സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്.

- **സമാശ്വാസം പദ്ധതി IV - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

ഈ പദ്ധതിപ്രകാരം സിക്കിൽ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2000 രൂപ ധനസഹായം നൽകിവരുന്നു.

**മാനദണ്ഡങ്ങൾ**

- കുടുംബവാർഷികവരുമാനം ഒരു ലക്ഷത്തിൽ താഴെ
- പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല
- സിക്കിൽ സെൽ അനീമിയ രോഗികൾ അല്ലാതെ രോഗലക്ഷണം ഉള്ളവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.

**അപേക്ഷ നൽകേണ്ട വിധം**

- രോഗവിദഗ്ദ്ധൻ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്- കോഴിക്കോട് മെഡിക്കൽ കോളേജ്, ഗവണ്മെന്റ് ആശുപത്രി.
- വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ്
- വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ BPL റേഷൻ കാർഡിന്റെ/ വരുമാന സർട്ടിഫിക്കറ്റിന്റെ അറ്റെസ്റ്റഡ് കോപ്പി.
- ആധാർ കാർഡിന്റെയോ/ ഏതെങ്കിലും ഐ ഡി പ്രൂഫിന്റെയോ അറ്റെസ്റ്റഡ് കോപ്പി.
- നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉള്ളതും ആയതിന്റെ പാസ് ബുക്കിന്റെ കോപ്പി.
- എല്ലാ ആറു മാസവുമുള്ള ജീവിച്ചിരിക്കുന്നു എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും, ചികിത്സ നടത്തുന്നു എന്നുള്ള ഏറ്റവും പുതിയ

സർട്ടിഫിക്കറ്റും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

- **ആശ്വാസകിരണം പദ്ധതി - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളെയും, മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും, ഗുരുതര രോഗമുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസകിരണം.

**മാനദണ്ഡങ്ങൾ**

1. കുടുംബവാർഷിക വരുമാനം മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശത്തു 22,375/- രൂപയും പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
2. മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള ശാരീരിക, മാനസിക വൈകല്യമുള്ളവർ, കാൻസർ രോഗികൾ, അന്ധർ, പ്രായാധിക്യം കൊണ്ടും മറ്റുപല രോഗങ്ങളാൽ കിടപ്പിലായവർ എന്നിവർ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.
3. മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്യം ഇവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിന് വരുമാന പരിധി ബാധകമല്ല.
4. കുടുംബവരുമാനം തെളിയിക്കുന്നതിന് BPL റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് / വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
5. അപേക്ഷയോടൊപ്പം നിർദിഷ്ട മാതൃകയിൽ സർക്കാർ / വയോമിത്രം / NHM ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്.
6. അപേക്ഷകൻ പോസ്റ്റൽ സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചു ലഭിക്കുന്ന പാസ് ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
7. വിധവ, വാർധക്യ, കർഷകത്തൊഴിലാളി, മറ്റു ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭിക്കുന്നതാണ്.

**അപേക്ഷാഫോം ലഭിക്കുന്നത്:**

- സാമൂഹ്യ നീതി വകുപ്പ്
- ICDS സൂപ്പർവൈസർമാർ
- അംഗൻവാടിവർക്കർമാർ
- സാമൂഹ്യ സുരക്ഷാ മിഷൻ ഓഫീസിൽ/ വെബ്സൈറ്റ്

**പൂരിപ്പിച്ച അപേക്ഷ സമർപ്പിക്കേണ്ടത്**

- സമീപമുള്ള അംഗൻവാടി
- ശിശുവികസന ഓഫീസ്

## IV. മറ്റു പദ്ധതികൾ

- ➢ **ഭിന്നശേഷിയുള്ളവർക്കുള്ള സർക്കാർ പദ്ധതികൾ**

- **വൈകല്യ നിർണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി**

**- കേരള സാമൂഹ്യസുരക്ഷാ മിഷൻ**

വിഭിന്നശേഷിയുള്ളവർക്കു കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ട അനുകൂല്യങ്ങൾക്കുള്ള പൊതു ആധികാരിക രേഖയായി തിരിച്ചറിയൽ കാർഡ് അംഗീകരിച്ചിട്ടുണ്ട്. അതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രാദേശിക തല ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധ ഫീസും കൂടാതെ മെഡിക്കൽ പരിശോധന നടത്തി ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതാണ്.

മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്കു ക്യാമ്പിൽ ഹാജരാകാതെ ചുവടെ പറയുന്ന രേഖകൾ സഹിതം നിശ്ചിതഫോറത്തിൽ അപേക്ഷ

എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകി തിരിച്ചറിയൽ കാർഡ് സ്വന്തമാക്കാവുന്നതാണ്.

- മെഡിക്കൽ സർട്ടിഫിക്കറ്റ് (ഒറിജിനൽ/ അറ്റെസ്റ്റഡ് കോപ്പി)
- പാസ്സ് പോർട്ട് സൈസ് ഫോട്ടോ-1
- റേഷൻ കാർഡിന്റെ കോപ്പി
- ഒരു വെള്ളകടലാസിൽ വിരലടയാളം

- **കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ**

ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അത്തരം ആളുകളെ സഹായിക്കുന്ന സന്നദ്ധസംഘടനകളെ സാമ്പത്തികമായും സാങ്കേതികമായും പിന്തുണയ്ക്കുകയാണ് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ മുഖ്യ പ്രവർത്തനങ്ങൾ.

- അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണസഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.
- അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി.
- സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർവിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി.
- അംഗവൈകല്യമുള്ളവർക്കു പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിനുള്ള സബ്സിഡി.
- നാഷണൽ ഹാൻഡികാപ്ഡ് ഫിനാൻസ് ആൻറ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയം തൊഴിൽ വായ്പയും അതിനുള്ള വികലാംഗ ക്ഷേമ കോർപ്പറേഷന്റെ വിഹിതവും.
- സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി.
- BPL വിഭാഗത്തിന് NHFDC വായ്പ സബ്സിഡി.

- ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി.
- ജില്ലയിൽ ഉയർന്ന മാർക്ക് നേടുന്ന അംഗവൈകല്യമുള്ള കുട്ടികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്.
- സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ.
- സ്റ്റേറ്റ് റിസോഴ്സ് സെന്റർ.
- അംഗപരിമിതർക്കു ബോധവൽക്കരണം.
- വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം.

- **കാരുണ്യ ഡെപ്പോസിറ്റ് സ്കീം - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി നടത്തുന്ന സ്ഥാപനങ്ങളിലേയോ അഗതി മന്ദിരങ്ങളിലേയോ കുട്ടികൾക്ക് പ്രത്യേക പരിചരണം നൽകുന്നതിനും ഇത്തരം കുട്ടികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്ക് പരിഗണന നൽകുന്നതിനും വ്യക്തികൾ , കോർപ്പറേറ്റ് സ്ഥാപനങ്ങൾ , വിദേശ ഇന്ത്യാക്കാർ , മറ്റ്സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് കാരുണ്യ നിക്ഷേപ പദ്ധതി.

ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിന് ശേഷം നിക്ഷേപിച്ച തുക തിരിച്ചു നല്കുകയും, ഈ തുകയിൽ നിന്ന് ലഭിക്കുന്ന പലിശയും സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായവും ചേർത്ത് 15000/- രൂപ മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് നല്കുകയും ചെയ്യുന്നു.

**കുട്ടിയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. പ്രായം 5 നും 18 നും ഇടയിലായിരിക്കണം
2. മാനസികമായും ശാരീരികമായും വെല്ലുവിളികൾ നേരിടുന്നവരായിരിക്കണം.
3. ഗവൺമെന്റ് ഓഫ് കേരള അല്ലെങ്കിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ അംഗീകരിച്ചഅനാഥാലയത്തിലെ അന്തേവാസിയോ അല്ലെങ്കിൽ ഗവൺമെന്റ്, എയ്ഡഡ്, അൺ-എയ്ഡഡ് വിദ്യാലയത്തിലെ വിദ്യാർത്ഥിയോ ആയിരിക്കണം ഗുണഭോക്താക്കൾ. സമാഹരിച്ച തുക സ്ഥാപന മേധാവിക്ക് താഴെ പറയുന്ന ഏതെങ്കിലും ഇനത്തിൽപെട്ട ആവശ്യങ്ങൾക്കായിരിക്കും അനുവദിക്കപ്പെടുന്നത്.

- ശസ്ത്രക്രിയ, ഉപകരണങ്ങൾ.
- ട്യൂഷൻ ഫീസ്, പ്രത്യേക ട്യൂഷൻഫീസ്
- പോഷകാഹാരം
- വസ്ത്രം
- കമ്പ്യൂട്ടർ

➢ **മാനസിക വെല്ലുവിളി നേരിടുന്നവർക്കും അംഗപരിമിതർക്കും അർഹമായ ക്ഷേമപദ്ധതികളും അവകാശങ്ങളും**

- **അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡും റേഷൻ കാർഡ് പട്ടികയിൽ ഇളവും**

**- കേരള സാമൂഹ്യസുരക്ഷാ വകുപ്പ്, പ്രാദേശിക സ്വയംഭരണ സ്ഥാപനം**

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കും അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡ് നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. പ്രായപൂർത്തിയാകാത്ത ഭിന്നശേഷിയുള്ളവർ, മാനസിക വെല്ലുവിളി അനുഭവിക്കുന്ന വ്യക്തികൾ, സ്വന്തമായി അപേക്ഷ തയ്യാറാക്കുവാൻ പ്രാപ്തിയോ കഴിവോ ഇല്ലാത്തവർ എന്നിവർക്കുവേണ്ടി ഗുണഭോക്താവിൻറ നിയമാനുസൃത രക്ഷാകർത്താവിനു അപേക്ഷ തയ്യാറാക്കാവുന്നതാണ്. കൂടാതെ 40 ശതമാനം ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾ അംഗമായ കുടുംബത്തിന്റെ റേഷൻ കാർഡ് എ.പി.എൽ. വിഭാഗത്തിൽ നിന്നു ബി.പി.എൽ വിഭാഗത്തിലേയ്ക്ക് മാറ്റാവുന്നതാണ്.

**ആവശ്യമായ രേഖകൾ**

- താമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്/ വോട്ടർ കാർഡ്)
- സമീപകാലത്തെടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ

**അപേക്ഷിക്കുന്ന രീതി**

- അംഗൻവാടി, ICDS സൂപ്പർവൈസർ, CDPO എന്നിവർ വഴി അപേക്ഷ നൽകാം.

- അപേക്ഷാരേഖയിലുള്ള ജില്ലയിൽ തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ അധികാരപ്പെടുത്തിയ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥനെ സമീപിക്കാം
- സ്വന്തം അംഗ/ മാനസിക പരിമിതിക്ക് വൈദ്യസഹായം സ്വീകരിച്ചുകൊണ്ടിരിക്കുന്ന സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട മെഡിക്കൽ അധികാരിയെ അപേക്ഷകന് സമീപിക്കാവുന്നതാണ്.

- **ഭിന്നശേഷി ഉള്ളവർക്കുള്ള സംസ്ഥാന പെൻഷൻ - തദ്ദേശ സ്വയം ഭരണസ്ഥാപനം**

40 ശതമാനത്തിനു മുകളിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് പ്രതിമാസം 1100 രൂപ വീതം ലഭിക്കുന്നു.

**മാനദണ്ഡം**

- വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കുറവായിരിക്കണം.
- അപേക്ഷകന്/ അപേക്ഷക കേരളത്തിൽ സ്ഥിരതാമസം ഉള്ള വ്യക്തിയായിരിക്കണം.
- പ്രായപരിധി ഇല്ല

**ആവശ്യമായ രേഖകൾ**

- ഭിന്നശേഷി സർട്ടിഫിക്കറ്റ്
- താമസസ്ഥലം സംബന്ധിച്ച രേഖകൾ
- വരുമാന സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ

നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം രേഖകളുടെ രണ്ടു പകർപ്പുകൾ വീതം സമർപ്പിക്കേണ്ടതാണ്.

**അപേക്ഷിക്കുന്ന രീതി**

ഗ്രാമപഞ്ചായത്ത് ഓഫീസ്, മുനിസിപ്പൽ ഓഫീസുകളിൽ നിന്ന് അപേക്ഷ ഫോം ലഭ്യമാണ്. ആവശ്യമായ രേഖകൾ സഹിതം അതേ ഓഫീസിലെ സെക്രട്ടറിയുടെ പേരിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

- **വിവാഹ ധനസഹായം**

ഭിന്നശേഷിയുള്ള സ്ത്രീകൾക്കോ അല്ലെങ്കിൽ/ ഭിന്നശേഷിയുള്ള വ്യക്തിയുടെ മക്കൾക്കോ വിവാഹചിലവിനായി നൽകുന്ന ധനസഹായം. വിവാഹശേഷം ഒറ്റത്തവണ നൽകുന്ന ധനസഹായമാണിത്. ജനറൽ വിഭാഗത്തിന് 30000 രൂപയും പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിന് 50000 രൂപയുമാണ് നൽകുന്നത്.

**മാനദണ്ഡം**

- കേരളത്തിൽ ഉള്ളവരായിരിക്കണം
- ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായിരിക്കണം

**ആവശ്യമായ രേഖകൾ**

- BPL കാർഡ്
- വികലാംഗ സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്
- ജനന സർട്ടിഫിക്കറ്റ്/ സ്കൂൾ സർട്ടിഫിക്കറ്റ്
- ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസിൽ നിന്നും വിവാഹശേഷം 30 ദിവസത്തിനുള്ളിൽ ലഭിച്ച വിവാഹ സർട്ടിഫിക്കറ്റ്.

**അപേക്ഷിക്കേണ്ട രീതി**

അപേക്ഷ ഫോമുകൾ ജില്ലാ സാമൂഹിക നീതി ഓഫീസിൽ നിന്നും ലഭിക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ മതിയായ രേഖകൾ സഹിതം അതെ ഓഫീസിൽ തന്നെ സമർപ്പിക്കണം.

- **ഭിന്നശേഷിയുള്ള സ്ത്രീകൾക്ക് കുട്ടികളുടെ പരിപാലനത്തിനുള്ള പ്രത്യേക അലവൻസ്**

ഭിന്നശേഷിയുള്ള സ്ത്രീകൾക്ക് കുട്ടികളുടെ പരിപാലനത്തിന് പ്രത്യേക അലവൻസായി മാസത്തിൽ 1000 രൂപ നൽകുന്നു. പ്രസ്തുത അലവൻസ്

കുട്ടിയുടെ ജനനം മുതൽ 2 വയസ്സ് പൂർത്തിയാകുന്നതുവരെ നല്കേണ്ടതാണ്. ആയതു പരമാവധി രണ്ട് കുട്ടികൾക്ക് നല്കുന്നതാണ്.

- **സർക്കാർ ഉദ്യോഗസ്ത്ൻറെ പെൻഷൻ ഭിന്നശേഷിക്കാരനായ ആശ്രിതനു കൈമാറാം**

ഒരു സർക്കാർ ഉദ്യോഗസ്ത്ൻ/ പെൻഷണർ / കുടുംബ പെൻഷണർ റിട്ടയർ ചെയ്യുന്നതിനു മുമ്പോ ശേഷമോ / മരണത്തിന് മുമ്പോ ഉള്ള ഏതു സമയത്തും അയാളുടെ പെൻഷൻ കുടുംബത്തിലെ വികലാംഗനായ ആശ്രിതൻറെ ജീവിതത്തിനു വേണ്ടി കൈമാറ്റം ചെയ്യാവുന്നതാണ്.

- **ഇന്ദിരാ ഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ പദ്ധതി**

ഭിന്നശേഷിയുള്ള 18 വയസ്സിനും 79 വയസ്സിനും ഇടയിലുള്ളവർക്ക് പിന്തുണ നൽകുന്നു. 79 വയസ്സു വരെ പ്രതിമാസം 300 രൂപയും 79 വയസ്സിനു ശേഷം പ്രതിമാസം 500 രൂപയും നൽകുന്നു.

**മാനദണ്ഡം**

- ഇന്ത്യൻ പൗരനാകണം
- കുറഞ്ഞത് 40 ശതമാനം ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തി.

**ആവശ്യമായ രേഖകൾ**

- അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡ്
- താമസ സർട്ടിഫിക്കറ്റ്
- ബാങ്ക് അക്കൗണ്ട് രേഖകൾ
- വയസ്സ് തെളിയിക്കുന്ന രേഖകൾ
- BPL റേഷൻ കാർഡ്

**അപേക്ഷിക്കുന്ന രീതി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

- **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

പ്രകൃതി ദുരന്തങ്ങൾ മൂലവും മാരക രോഗങ്ങൾ മൂലവും ദുരിതമനുഭവിക്കുന്ന ആളുകൾക്ക് അടിയന്തിരമായി ആശ്വാസമെത്തിക്കുവാനുള്ള പദ്ധതി. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന സംഭാവന കൊണ്ടാണ് ഈ സഹായനിധി പ്രവർത്തിക്കുന്നത്. ചികിത്സ ധനസഹായം, മരണശേഷം 3 ലക്ഷം രൂപ വരെയുള്ള ആനുകുല്യങ്ങളാണ് ഈ പദ്ധതിയിലൂടെ ലഭിക്കുന്നത്.

**മാനദണ്ഡം**

- വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
- ഒരു വ്യക്തിക്ക് ഒറ്റ തവണ മാത്രമേ ഈ സഹായം ലഭിക്കുകയുള്ളു.

**ആവശ്യമായ രേഖകൾ**

- ആറു മാസത്തിനുള്ളിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
- മരണം നടന്നുവെങ്കിൽ ബന്ധപ്പെട്ട മരണ സർട്ടിഫിക്കറ്റ്.
- ആവശ്യമെങ്കിൽ , FIR, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് എന്നിവ

**അപേക്ഷിക്കുന്ന രീതി**

- ബന്ധപ്പെട്ട രേഖകൾ സഹിതം അക്ഷയ കേന്ദ്രത്തിൽനിന്ന് അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.
- വെള്ളക്കടലാസിൽ അപേക്ഷ തയ്യാറാക്കി മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം വില്ലജ്/ താലൂക്ക് ഓഫീസുകളിലോ കളക്ടറേറ്റിലോ സമർപ്പിക്കുവാനും കഴിയും.
- MLA മുഖേന മുഖ്യമന്ത്രിയുടെ ഓഫീസിൽ നേരിട്ട് നൽകാവുന്നതാണ്.
- **വിദ്യാർത്ഥിക്കും രക്ഷിതാവിനുമുള്ള സഹായങ്ങൾ**

- **സ്കൂൾ പ്രവേശനം**

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ അഡ്മിഷൻ നിഷേധിക്കാൻ പാടില്ല.

- **ഭിന്നശേഷിയുള്ള കുട്ടികളുടെ അക്കാദമിക് ആവശ്യങ്ങൾ ലഭ്യമാക്കാൻ റിസോഴ്സ്സ് അദ്ധ്യാപകർ**

ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ ബി.ആർ.സി മുഖേന സർവ്വശിക്ഷ അഭിയാനും ഒൻപതുമുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലേക്ക് പൊതുവിദ്യാഭ്യാസവകുപ്പ് നേരിട്ടും റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. വരുമാന പരിധി ഇല്ല.

**സാമ്പത്തിക സഹായങ്ങൾ**

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പലതരം സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു. അവയിൽ ചിലതു:

- പുസ്തകവും സ്റ്റേഷനറി സാധനങ്ങളും
- യൂണിഫോം അലവൻസ്
- യാത്ര അലവൻസ്
- വായന സഹായിക്കുള്ള അലവൻസ്
- എസ്കോർട്ട് അലവൻസ് (ശാരീരിക വെല്ലുവിളികളുള്ള കുട്ടികൾക്ക് മാത്രം)
- ഹോസ്റ്റൽ അലവൻസ് സഹായ ഉപകരണങ്ങളും പഠനോപകരണങ്ങളും വാങ്ങുന്നതിനു.

- **എസ്. എസ് .എ യുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്**

ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അവരുടെ ഭിന്നശേഷിയുമായി ബന്ധപെട്ട് സർക്കാർ ആശുപത്രികളിൽ നടത്തുന്ന സർജറിക്ക് പരമാവധി 5000 രൂപ വരെ എസ്. എസ് .എ . യിൽ നിന്ന് ലഭ്യമാണ്. ഈ ആനുകൂല്യം ലഭിക്കുവാൻ ഡോക്ടറുടെ ഒപ്പുള്ള ബില്ലും വൗച്ചറും സഹിതം ബി.ആർ.സി. കളിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

- **രക്ഷിതാക്കളുടെ അവകാശങ്ങൾ**

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയുടെ ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക് വീടിനടുത്തുള്ള സ്ഥാപനത്തിൽ തന്നെ ജോലി ചെയ്യാനുള്ള അവകാശമുണ്ട്.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സർക്കാർ ജീവനക്കാരായ രക്ഷിതാവിനു പ്രതിമാസം 150/- രൂപ വിദ്യാഭ്യാസ അലവൻസ് ലഭിക്കുവാൻ അർഹതയുണ്ട്. കുട്ടിയുടെ ഭിന്നശേഷി തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് രക്ഷിതാവിന്റെ സാക്ഷ്യപത്രവും സ്ഥാപനമേധാവിക്ക് നൽകിയാൽ ഈ ആനുകൂല്യം ലഭിക്കുന്നതാണ്.

- **മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പരീക്ഷ സൗജന്യങ്ങൾ**
  - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ഇളവുകൾ
  - മണിക്കൂറിനു 10 മിനിറ്റ് അധികം ഇളവ് ലഭിക്കുന്നു.
  - സഹായിയെ (Scribe) ഉപയോഗിക്കാനുള്ള സൗകര്യം
  - 25 % ഗ്രേസ് മാർക്ക്
  - ഇംഗ്ലീഷ്/ മലയാളം, ഹിന്ദി എന്നി ഭാഷാവിഷയങ്ങൾ ഒഴിവാക്കാം.
  - അവയ്ക്കു പകരം ചിത്രകല, പാചകകല, പൂന്തോട്ട നിർമാണം, കമ്പ്യൂട്ടർ പഠനം എന്നിവ ഒഴിവാക്കപ്പെട്ട വിഷയങ്ങൾക്ക് പകരം സ്വീകരിക്കേണ്ടതാണ്.
  - പ്രത്യേക സാഹചര്യത്തിൽ കണക്കു പരീക്ഷയും ഒഴിവാക്കി കൊടുക്കുന്നതാണ്.

**പരീക്ഷ ഇളവിനായി സമർപ്പിക്കേണ്ട രേഖകൾ**

- വിദ്യാഭ്യാസ ഡയറക്ടർ നിർദേശിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്/ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്.
- മാതാവ്, പിതാവ്, വിദ്യാർത്ഥി എന്നിവരുടെ കൈയൊപ്പ് സഹിതമുള്ള അപേക്ഷാഫോം.

അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്.

**മറ്റു ആനുകൂല്യങ്ങൾ**

- ഭിന്നശേഷിയുള്ളവർക്കു പൊതുഗതാഗത മേഖലയായ റെയിൽവേ യാത്ര, KSRTC യാത്ര, വിമാന യാത്ര ആനുകൂല്യങ്ങൾ ലഭ്യമാണ്.
- ആദായനികുതിയിൽ ഇളവ്
- സ്വയം തൊഴിൽ കണ്ടെത്താനുള്ള വായ്പ ലഭിക്കുന്നതാണ്
- ഭിന്നശേഷിയുള്ള വ്യക്തികളുടെ പരാതികൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

## ➢ വൃദ്ധജന പരിപാലനത്തിനുള്ള പദ്ധതികൾ

- **വയോമിത്രം പദ്ധതി - കേരള സാമൂഹ്യസുരക്ഷാ വകുപ്പ്**

സംസ്ഥാനത്തു വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകികൊണ്ട് ആരംഭിച്ച നൂതന പദ്ധതിയാണ് വയോമിത്രം. പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനു വേണ്ടിയുള്ള വിവിധ പരിപാടികളും വയോജന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക കരുതൽ നൽകുന്ന തരത്തിലുള്ള വിവിധ പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കാറുണ്ട്.

**ആനുകൂല്യങ്ങൾ**

1. 65 വയസിനു മുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും, കൗൺസിലിങും, വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു.
2. കിടപ്പുരോഗികളുടെ വീട്ടിൽ പോയി പാലിയേറ്റീവ് കെയർ നൽകുന്നു.
3. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും തിരിച്ചുകൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.
4. വയോജനങ്ങൾക്കു ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഹെൽപ് ഡെസ്ക്കുകളും പ്രവർത്തിക്കുന്നു.

- **പകൽവീട് - സാമൂഹ്യ നീതി വകുപ്പ്**

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ സമൂഹത്തിലെ അവഗണിക്കപ്പെട്ട വ്യദ്ധരായ സ്ത്രീജനങ്ങളെ സംരക്ഷിക്കുന്നതിനും അവർക്കു ഉത്സവപ്രദമായ രീതിയിൽ പകൽ സമയം ചെലവിടുന്നതിനു തിരുവനന്തപുരം പൂജപ്പുരയിലെ ഡയറക്ടറേറ്റ് അനെക്സ് കോമ്പൗണ്ടിൽ പകൽവീട് പ്രവർത്തിച്ചു വരുന്നു.വ്യദ്ധരായ അമ്മമാർക്ക് പകൽ സമയത്തെ വിരസത ഒഴിവാക്കുന്നതിന് വേണ്ടി ആയാസരഹിതമായ പല പ്രവർത്തികളും സോഷ്യൽ വർക്കറുടെ നേതൃത്വത്തിൽ നടത്തുന്നു.

- **രാഷ്ട്രീയ വയോശ്രി യോജന - ഭാരത സർക്കാരിന്റെ സാമൂഹിക നീതി മന്ത്രാലയം**

കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതിപ്രകാരം ശാരീരികമായി വെല്ലുവിളി നേരിടുന്ന BPL വിഭാഗത്തിൽപെട്ട വയോജനങ്ങൾക്കു സഹായ ഉപകരണങ്ങൾ നൽകിവരുന്നു. അതിനായി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**ആനുകൂല്യം ലഭിക്കാൻ അർഹരായവർ**

- കാഴ്ച കുറഞ്ഞവർ
- ശ്രവണ വൈകല്യമുള്ളവർ
- പല്ലു നഷ്ടപ്പെട്ടവർ
- ലോക്കോമോട്ടോർ ഡിസബിലിറ്റി

**ലഭിക്കുന്ന സഹായഉപകരണങ്ങൾ**

- വാക്കിങ് സ്റ്റിക്
- ക്രച്ചസ്
- കണ്ണട
- ശ്രവണ സഹായി
- വയ്പ്പ് പല്ല്
- വീൽചെയർ

- **വയോഅമൃതം പദ്ധതി - സാമൂഹ്യ നീതി വകുപ്പ്**

സാമൂഹ്യ നീതി വകുപ്പ് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ വകുപ്പിന്റെ സഹകരണത്തോടുക്കൂടി 15 വൃദ്ധസദനങ്ങളിലെ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന അന്തേവാസികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് വയോഅമൃതം.

**ചികിത്സ ലഭിക്കുന്ന രോഗങ്ങൾ**

- ഡയബെറ്റിസ്
- ആസ്ത്മ
- ത്വക്ക് രോഗങ്ങൾ
- ആർത്രൈറ്റിസ്
- നേത്ര, കേൾവി സംബന്ധമായ അസുഖങ്ങൾ

കിടപ്പിലായ രോഗികൾക്ക് പാലിയേറ്റീവ് കെയർ നൽകിവരുന്നു. കൂടാതെ എല്ലാ സർക്കാർ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സയും നൽകുന്നു.

- **മന്ദഹാസം പദ്ധതി - സാമൂഹ്യ നീതി വകുപ്പ്**

സാമൂഹ്യ നീതി വകുപ്പ് BPL വിഭാഗത്തിൽപെട്ട വൃദ്ധരായ ആളുകൾക്ക് സൗജന്യമായി വയ്പ്പ് പല്ലു നൽകിവരുന്ന പദ്ധതിയാണ് മന്ദഹാസം.

**മാനദണ്ഡങ്ങൾ**

- അപേക്ഷകൻ BPL വിഭാഗത്തിൽപെട്ടവരായിരിക്കണം
- ആനുകൂല്യം - 5000 രൂപ

**ആവശ്യമായ രേഖകൾ**

- വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ റേഷൻ കാർഡ് / BPL സർട്ടിഫിക്കറ്റ് / വരുമാന സർട്ടിഫിക്കറ്റ്.
- മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്/ ആധാർ കാർഡ് / ഇലക്ഷൻ ഐ ഡി
- ദന്ത ഡോക്ടറുടെ സർട്ടിഫിക്കറ്റ്.

## ➢ പട്ടികവിഭാഗക്കാർക്കുള്ള സർക്കാരിന്റെ പദ്ധതികൾ

- **പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ഈ പദ്ധതിപ്രകാരം പട്ടികവർഗ്ഗക്കാർക്കു ആഹാരം, ആശുപത്രിചികിത്സകൾ, മരുന്നുകൾ, യാത്ര സൗകര്യങ്ങൾ തുടങ്ങിയവ സൗജന്യമായി നൽകിവരുന്നു. ഈ രോഗികൾക്ക് കൂട്ടിരിപ്പിനു സഹായം ആവശ്യമായി വന്നാൽ, സഹായിക്ക് പ്രതിദിനം 200 രൂപ വീതം ഈ പദ്ധതിപ്രകാരം നൽകുന്നുണ്ട്. പ്രാഥമിക ചികിത്സ സൗകര്യം ലഭ്യമാക്കുന്നതിന് ജില്ലയിൽ 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ക്യാമ്പുകൾ നടത്തി പ്രാഥമിക ചികിത്സ നൽകുന്നു, പ്രസവത്തിനു മുൻപും, നവജാതശിശുക്കൾക്കുള്ള പരിരക്ഷയും, പ്രതിരോധകുത്തിവെയ്പ്പ് കൂടാതെ പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയുന്നു.

**ലഭിക്കുന്ന ആനുകൂല്യം**

APL വിഭാഗക്കാർക്കു - പ്രതിദിനം 10,000 രൂപ

BPL വിഭാഗക്കാർക്കു - പ്രതിദിനം 50,000 രൂപ

- **ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ (NRC)**

തീവ്രമായ പോഷകാഹാരക്കുറവുമൂലം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് ആരോഗ്യ പരിചരണം നൽകുന്നതാണ് ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ. പോഷകാഹാരകുറവുള്ള കുട്ടികളെ ICDS മുഖേന കണ്ടെത്തി തക്കതായ ചികിത്സയും പരിരക്ഷയും ഉറപ്പുവരുത്തുന്നു. ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററിൽ നിന്നും ഡിസ്ചാർജ് ആകുന്ന കുട്ടികൾക്ക് സമയോചിതമായ പോഷണം നൽകിവരുന്നത് കൂടാതെ അമ്മമാർക്കും പരിചരിക്കുന്ന വ്യക്തികൾക്കും ആവശ്യമായ കൗൺസിലിങ്ങും ട്രെയിനിങ്ങും നൽകുകയും ചെയ്യുന്നു.

# രോഗ പ്രതിരോധ ചികിത്സ പട്ടിക - കുട്ടികൾക്ക്

| ക്രമ നമ്പർ | വാക്സിന്റെ പേര് | സമയക്രമം |
|---|---|---|
| 1 | ഒ.പി.വി<br>ഹെപ്പറ്റൈറ്റിസ് - ബി.സി.ജി | ജനിച്ച ഉടനെ |
| 2 | പെന്റാവാലന്റ്-1<br>ഒ.പി.വി-1 + ഐ.പി.വി-1 | ജനിച്ചു ആറു ആഴ്ച തികയുമ്പോൾ (ഒന്നര മാസം) |
| 3 | പെന്റാവാലന്റ്-2<br>ഒ.പി.വി-2 | ജനിച്ചു 10 ആഴ്ച തികയുമ്പോൾ (രണ്ടര മാസം) |
| 4 | പെന്റാവാലന്റ്-3 + ഐ.പി.വി-2<br>ഒ.പി.വി-3 | ജനിച്ചു 14 ആഴ്ച തികയുമ്പോൾ (മൂന്നര മാസം) |
| 5 | മീസിൽസ്- ഒന്നാം ഡോസ്<br>വിറ്റാമിന് എ ഒന്നാം ഡോസ്<br>ജപ്പാൻ ജ്വരം 1 (തിരുവനന്തപുരം, ആലപ്പുഴ) | ജനിച്ചു 9 മാസം തികയുമ്പോൾ |
| 6 | ഡി.പി.റ്റി, ഒ.പി.വി-ബൂസ്റ്റർ, മീസിൽസ് രണ്ടാം ഡോസ് അല്ലെങ്കിൽ<br>എം.എം.ആർ, വിറ്റാമിന് എ രണ്ടാം ഡോസ്, ജപ്പാൻ ജ്വരം 2 | ഒന്നര വയസ്സ് തികയുമ്പോൾ |
| 7 | വിറ്റാമിന് എ 9 പ്രാവശ്യം | ഒൻപതു മാസം, ഒന്നര, രണ്ടു, രണ്ടര, മൂന്ന്, മൂന്നര, നാല്, നാലര, അഞ്ച് വയസ്സ് |
| 8 | ഡി.പി.റ്റി ബൂസ്റ്റർ | അഞ്ച് വയസ്സ് |
| 9 | റ്റി. റ്റി. വാക്സിൻ | 10 വയസ്സ് |
| 10 | റ്റി. റ്റി. വാക്സിൻ | 16 വയസ്സ് |

# പിൻകുറിപ്പ്

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സ് ഉണ്ടാകുകയുള്ളൂ. ഒരു വ്യക്തിയുടെ ആരോഗ്യം എന്നത് ആ വ്യക്തിയുടെ കുടുംബത്തിന്റെ സുസ്ഥിതിയാണ്. കുടുംബത്തിൽ നിന്നു അത് സമൂഹത്തിലേക്ക് വ്യാപിക്കുന്നു. ആരോഗ്യപരമായ നല്ലൊരു നാളെ എന്നത് നമ്മുടെ ഒരോരുത്തരുടെയും കടമയാണ്. രോഗം ബാധിച്ച വ്യക്തിയുടെ കുടുംബത്തിന് സാമ്പത്തികഭാരം മാത്രമല്ല മറിച് മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതും സ്വഭാവികമാണ്. ഇത്തരം ബുദ്ധിമുട്ടുകളെ അതിജീവിക്കാൻ സർക്കാർ വിവിധ പദ്ധതികളും, ധനസഹായങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനായി ബോധവത്കരണ പ്രവർത്തനങ്ങളും പ്രതിരോധകുത്തിവെപ്പുകളും നടത്തി വരുന്നു. ഇവയെല്ലാം തന്നെ പൊതുജനങ്ങൾ സ്വയമേ ഏറ്റെടുത്തു നടപ്പിലാക്കിയാൽ നമുക്ക് ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാനും പകർച്ചവ്യാധികളെ തടയാനും കഴിയും. ഇത്തരം പദ്ധതികൾ വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ആരോഗ്യമുള്ള ഒരു നല്ല ജനതയെ വാർത്തെടുക്കാൻ നമുക്ക് എല്ലാവർക്കും ഒരുമിച്ച് കൈകോർക്കാം.

കേരള സർക്കാരിന്റെ ഇത്തരം സംരംഭങ്ങൾ സാധാരണക്കാരായ ജനങ്ങളിലേക്ക് എത്തിക്കാൻ ഓരോരുത്തർക്കും സാധിക്കട്ടെ. എന്റെ ആരോഗ്യം എന്റെ അവകാശമാണെന്ന ബോധ്യത്തോടെ മുന്നോട്ട് പോയാൽ 2030-തോടുകൂടി സുസ്ഥിര വികസനം ലക്ഷ്യം സാധ്യമാക്കുവാൻ കേരളത്തിന് കഴിയും.

# ഉപയോഗപ്രദമായ വിലാസങ്ങൾ

1. Directorate of Health Services
   *http://www.dhs.kerala.gov.in*
2. Kerala Health and Family Welfare
   *http://www.kerala.gov.in/health-family-welfare*
3. National Health Mission
   *https://kerala.gov.in/national-health-mission*
4. Kerala Society Security Mission
   *http://www.kssm.gov.in*
5. Social Justice Department
   *http://www.sjd.kerala.gov.in*
6. Kerala State Aids Control Society (KSACS)
   *http://www.ksacs.kerala.gov.in*
7. State TB Cell, Thiruvananthapuram
8. General Hospital, Thiruvananthapuram
9. സുസ്ഥിതി - ആരോഗ്യവകുപ്പ്, സംസ്ഥാന ആരോഗ്യ വിദ്യാഭ്യാസ ബ്യൂറോ പ്രസിദ്ധീകരണം.
10. ആശ്വാസം - സംസ്ഥാന മാനസികാരോഗ്യ അതോറിറ്റി, തിരുവനന്തപുരം
11. *http://www.rcctvm.gov.in*
12. *http://www.sukruthamcancercare.in*
13. *http://www.arogyakeralam.gov.in*
14. *http://www.sarkariyojana.co.in*
15. *http://kerala.gov.in/palliative-care*
16. *http://www.thehindu.com*
17. *http://www.uniindia.com/mittayi*